# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 34 ലക്കം മംഗളവാർത്ത-പിറവി നവംബർ 2015 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

എളിമ സമാധാനത്തിനുള്ള
വ്യവസ്ഥയാണ്.
എളിമയുള്ള വ്യക്തി
ശാന്തതയുള്ളവനും
സഹാനുഭൂതിയുള്ളവനും
വിധേയത്വ മനസ്ഥിതി
ഉള്ളവനുമായിരിക്കും.

സഹോദരന്റെ നേർക്കുള്ള
സ്നേഹബന്ധത്തിന്റെ
അടിസ്ഥാനമാണ്
എളിമ എന്ന പുണ്യം.

ദൈവത്തിന്റെ
സൃഷ്ടിയായ ഓരോ
മനുഷ്യനിലും നന്മയുണ്ട്.
അത് തേച്ചുരച്ച്
മിനുസപ്പെടുത്തി
എടുക്കുന്നതാണ്
പ്രേഷിതത്വം.

എന്റെ ജീവിതം ഒരു
അവകാശപ്പെടലാകാതെ
ഒരു കൊടുക്കലായിരിക്കട്ടെ.
യാതൊരു
വ്യവസ്ഥയുമില്ലാത്ത
കൊടുക്കൽ.

സാഹോദര്യസ്നേഹം സൗമ്യതയുടെ
അരൂപിയിലാണു പുഷ്പിക്കുക.



പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 34  മംഗളവാർത്ത-പിറവി ലക്കം  നവംബർ 2015

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

## ഉള്ളടക്കം


- മംഗളവാർത്ത-പിറവിക്കാലങ്ങൾ 05
- സഭാത്മകമായ ആദ്ധ്യാത്മികത 08
- പുൽക്കൂട്ടിലെ ശിശുവേ, നീ.... 11
- ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും 13
- കണ്ണിമയ്ക്കാത്ത കാൽമാലാഖ 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- The Ladder to Divinity 20
- കാത്തിരിപ്പിന്റെ സന്തോഷം 22
- അതിലാളനമരുത് 24
- കാലമാകാതെ കായ്ക്കുമോ? 25
- പാർശ്വവത്കരിക്കപ്പെട്ടവരോട്.... 26
- പുതിയ മനുഷ്യനാവാം ഇന്നുതന്നെ 28
- സമർപ്പിതവർഷം 30
- കാരുണ്യത്തിന്റെ വിശുദ്ധവർഷം 31
- സെനക്കിൾ തരംഗം 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

വാർഷിക വരിസംഖ്യ ₹100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

എഡിറ്റോറിയൽ

# ദൈവസ്നേഹകൂടാരം

മനുഷ്യനായി അവതരിച്ച ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹം ധ്യാനവിഷയമാക്കുന്ന മംഗളവാർത്തക്കാലത്തിലൂടെ പുതിയ ആരാധനാവത്സരത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. പാപബദ്ധനായ മനുഷ്യന് സ്വപ്രയത്നത്താൽ ദൈവത്തിലെത്തിച്ചേരാൻ കഴിവില്ലാത്തതിനാൽ 'എമ്മാനുവേൽ' ഭൂമിയിലവതരിച്ചു. ദൈവമായിരുന്ന വചനം (യോഹ 1,1) മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു (യോഹ 1,14). പഴയനിയമത്തിൽ ദൈവവും മനുഷ്യനും കണ്ടുമുട്ടുന്ന വേദിയാണല്ലോ സമാഗമകൂടാരം. ദൈവത്തിന്റെ അനന്തമായ സ്നേഹം മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചതാണ് മനുഷ്യാവതാരം. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16).

സകലത്തിന്റെയും ഉടയവൻ ഒന്നുമില്ലാത്തവനായി, മനുഷ്യന്റെ പരിമിതികൾ സ്വീകരിച്ച് ഭൂമിയിൽ ജനിച്ചതിന്റെ പ്രേരകശക്തി ഓരോ മനുഷ്യവ്യക്തിയോടുമുള്ള അവർണനീയമായ സ്നേഹമാണെന്നുള്ളത് മറന്നുകൂടാ. അനുകൂലമോ പ്രതികൂലമോ ആയ പ്രത്യുത്തരം നല്കാനുള്ള സ്വാതന്ത്ര്യം നല്കിയാണല്ലോ ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവത്തിന്റെ സ്നേഹം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ജീവിതത്തിലൂടെയും പകർന്നു നല്കിയ ഈശോയ്ക്ക് അന്നു ലഭിച്ചത് പലവിധമുള്ള പ്രതികരണങ്ങളാണ്. ചരിത്രത്തിൽ ജനിച്ചുജീവിച്ച് മരിച്ചുയിർത്ത അതേ മിശിഹായുടെ സാന്നിദ്ധ്യമാണ് തിരുസഭയിൽ ശ്ലൈഹികശുശ്രൂഷകളിലൂടെയും വചനപ്രബോധനങ്ങളിലൂടെയും കൂദാശകളിലൂടെയും പ്രാർത്ഥനകളിലൂടെയും നാം അനുഭവിക്കുന്നത്. ഇന്ന് സഭയിൽ നമ്മോടൊപ്പം ജീവിക്കുന്ന ഈശോമിശിഹായ്ക്ക് നാം കൊടുക്കുന്ന പ്രത്യുത്തരമെന്താണെന്ന് പരിശോധനാവിഷയമാക്കേണ്ടതുണ്ട്.

മനുഷ്യനായി അവതരിച്ച ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന് വിശ്വാസമാകുന്ന പ്രത്യുത്തരം നല്കിക്കൊണ്ട് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിസ്ഥാനമിട്ട ജീവിതം നയിക്കുവാൻ നമുക്കു ശ്രമിക്കാം.

ഏവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ!!!

ചീഫ് എഡിറ്റർ






# മംഗളവാർത്ത - പിറവിക്കാലങ്ങൾ

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**
പൗരസ്ത്യവിദ്യാപീഠം, വടവാതൂർ

ഒരിക്കൽക്കൂടി നമ്മൾ ആരാധനാ വത്സരം പുതുതായി ആരംഭിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിച്ച ഈശോമിശിഹായുടെ ജീവിതത്തെയും സഹനമരണോത്ഥാനങ്ങളെയും കേന്ദ്രീകരിച്ചാണ് ആരാധനാവർഷത്തിന്റെ ക്രമീകരണം. മിശിഹായോടൊത്തു വർഷം മുഴുവൻ ജീവിക്കുവാൻ വിശ്വാസികളെ സഹായിക്കുന്ന രീതിയിൽ മിശിഹാരഹസ്യത്തിലെ വിവിധ സംഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ആരാധനാവർഷത്തെ പല കാലങ്ങളായി തിരിച്ചിരിക്കുന്നത്. ഒരു വർഷം കൊണ്ടു മിശിഹാരഹസ്യം മുഴുവനും ജീവിക്കുക, ആ രഹസ്യത്തിൽ പങ്കുചേർന്ന് രക്ഷണീയ ഫലങ്ങൾ പ്രാപിക്കുക എന്നതാണ് ഈ ക്രമീകരണത്തിന്റെ ലക്ഷ്യം. മിശിഹായുടെ മനുഷ്യാവതാരം, പരസ്യജീവിതം, സഹനമരണോത്ഥാനങ്ങൾ, പരിശുദ്ധാരൂപിയുടെ ആഗമനം, തിരുസഭയുടെ ആരംഭം, വളർച്ച, മിശിഹായുടെ രണ്ടാമത്തെ ആഗമനം, സ്വർഗീയസൗഭാഗ്യം തുടങ്ങിയ സംഭവങ്ങളാണ് മുഖ്യമായും ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളിലൂടെ അനുസ്മരിക്കുന്നത്. ദൈവപുത്രൻ മനുഷ്യനായവതരിച്ച രഹസ്യം ധ്യാനിച്ചുകൊണ്ടാണ് വർഷം ആരംഭിക്കുന്നത്. ഡിസംബർ 25 ന് ആഘോഷിക്കുന്ന ഈശോയുടെ

തിരുപ്പിറവിയെ കേന്ദ്രമാക്കി മംഗള വാർത്ത-പിറവിക്കാലങ്ങൾ എന്നാണ് ആദ്യകാലം അറിയപ്പെടുന്നത്. മിശിഹായുടെ ജനനത്തിനുമുമ്പുള്ള നാലാഴ്ചകൾ മംഗളവാർത്തയുടെയും അതിനുശേഷമുള്ള രണ്ടാഴ്ചകൾ പിറവിയുടെയും കാലമാണ്.

ആരാധനാവത്സരത്തിലെ ആദ്യകാലം മംഗളവാർത്തക്കാലം അഥവാ 'സൂബാറാക്കാലം' എന്നാണറിയപ്പെടുന്നത്. 'സൂബാറാ' എന്ന സുറിയാനിപദത്തിന്റെ അർത്ഥം അറിയിപ്പ് അഥവാ പ്രഖ്യാപനം എന്നാണ്. പിറവിക്കാലം സുറിയാനിയിൽ 'യൽദാ' എന്നും അറിയപ്പെടുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചു കാത്തിരുന്ന രക്ഷകനായ മിശിഹായുടെ വരവിനെക്കുറിച്ചുള്ള അറിയിപ്പാണ് ഈ കാലത്തിന്റെ കേന്ദ്രസ്ഥാനത്ത്. സുവിശേഷകനായ വിശുദ്ധ ലൂക്കാ ഈശോയുടെ ജീവചരിത്രം അവതരിപ്പിക്കുന്നതിന് അവലംബിച്ചിരിക്കുന്ന ക്രമംതന്നെയാണു നമ്മുടെ ആരാധനാവത്സരത്തിലെ ആദ്യകാലത്തിനുമുള്ളത്. സുവിശേഷത്തിൽ മനുഷ്യാവതാരവിവരണം ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിലാണല്ലോ കാണപ്പെടുന്നത് (ലൂക്കാ 1-2). ഈ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെടുന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിലാണു മംഗളവാർത്തക്കാലത്തിലെ നാലാഴ്ചകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യനായവതരിച്ച ഈശോമിശിഹായെ മനസ്സിലാക്കണമെങ്കിൽ അവിടുത്തേക്കു വഴിയൊരുക്കാനായി അയയ്ക്കപ്പെട്ട യോഹന്നാൻ മാംദാനയെ മനസ്സിലാക്കണം. അതുകൊണ്ടാണു മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിനു മുമ്പായി യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പു സുവിശേഷത്തിൽ കാണുന്നതും (ലൂക്കാ 1,5-25) മംഗളവാർത്തക്കാലത്തിലെ ആദ്യ ഞായറാഴ്ച ധ്യാനവിഷയമാക്കുന്നതും. ഈ വർഷം ഡിസംബർ ഒന്ന് ചൊവ്വാഴ്ചയായതിനാൽ ഒന്നാം ഞായർ ആഘോഷിക്കാനാവില്ല.

രണ്ടാം ഞായറാഴ്ചയാണ് യഥാർത്ഥ മംഗളവാർത്ത: മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള അറിയിപ്പ് (ലൂക്കാ 1,26-38). നസ്രത്തിലെ കന്യകയായ മറിയത്തിനാണ് ഈ അറിയിപ്പു ലഭിക്കുന്നത്. പരിശുദ്ധ റൂഹായുടെ ആവാസത്താൽ ദൈവപുത്രനു മാതാവാകുന്നതിനു മറിയം സമ്മതം നല്കിയപ്പോൾ ഗബ്രിയേൽദൂതൻ നല്കിയ അറിയിപ്പ് മനുഷ്യവർഗം മുഴുവനുമുള്ള മംഗളവാർത്തയായി. ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിൽ പരിശുദ്ധ ദൈവമാതാവിനുള്ള പങ്കിനെക്കുറിച്ചു ധ്യാനിക്കുന്നു. അമ്മയെപ്പോലെ നമുക്കും ദൈവഹിതത്തോട് അനുസരണംവഴി സഹകരിക്കാൻ സാധിക്കണം.

മൂന്നാം ഞായറാഴ്ച യോഹന്നാൻ മാംദാനയുടെ ജനനമാണു പ്രഘോഷണവിഷയം (ലൂക്കാ 1,57-66). മിശിഹായ്ക്കു വഴിയൊരുക്കാൻ വന്ന യോഹന്നാന്റെ ജനനംപോലും ഇത്ര വലിയ ആനന്ദത്തിനു കാരണമായെങ്കിൽ മിശിഹായുടെ ജനനം എത്രയേറെ വലിയ സന്തോഷമാ





യിരിക്കും! തങ്ങളുടെ ജീവിതാനുഭവങ്ങളെ ദൈവിക പദ്ധതിയുടെ ഭാഗമായി കാണാനും അവയെപ്രതി ദൈവത്തെ സ്തുതിക്കാനും സഖറിയായുടെ സ്തുതിഗീതം നമ്മെ പ്രേരിപ്പിക്കുന്നു.


മറിയത്തിനു ലഭിച്ച മംഗളവാർത്ത തന്നെ യൗസേപ്പ് പിതാവിനു ദർശനത്തിൽ ലഭി ക്കുന്നതാണു നാലാം ഞായറാഴ്ചത്തെ സുവിശേഷവായന (മത്താ 1,18-25). കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിക്കുന്ന മാർ യൗസേപ്പ് ദൈവവചനത്തിലൂടെ വെളിവാക്കപ്പെടുന്ന ദൈവഹിതമനുസരിച്ചു ജീവിക്കാൻ നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ വർഷം നാലാമത്തെ ആഴ്ചയിലെ വെള്ളിയാഴ്ചയാണ് ഈശോയുടെ പിറവിത്തിരുനാൾ. ലൂക്കാ നല്കുന്ന ജനനവിവരണ മാണ് (ലൂക്കാ 2,1-20) അന്നു വായിക്കുന്നത്. ദൈവ ത്തിന്റെ വചനം മാംസമായി - മനുഷ്യരൂപമെടുത്തു നമ്മുടെയിടയിൽ കൂടാരമടിച്ച രഹസ്യമാണ് (യോഹ 1,14) പിറവിത്തിരുനാളിൽ നമ്മൾ അനുസ്മരിക്കുന്നത്. മാലാഖമാരോടും ഇടയന്മാരോടും ചേർന്നു നമുക്കും ഉണ്ണി മിശിഹായെ ആരാധിക്കാം.

പിറവിത്തിരുനാൾ ഒന്നാം ഞായറാഴ്ച പൗരസ്ത്യ ദേശത്തുനിന്നുള്ള ജ്ഞാനികൾ ഉണ്ണീശോയെ സന്ദർശിച്ചു കാഴ്ചകളർപ്പിച്ച് ആരാധിക്കുന്നതാണു ധ്യാനവിഷയം (മത്താ 2,1-12). ഉണ്ണിമിശിഹായെ അമ്മയായ മറിയത്തോടുകൂടെയാണവർ കാണുന്നത്. തിരുക്കുടുംബമാണ് ഇവിടെ നമുക്കു മാതൃകയായി നിലകൊള്ളുന്നത്. കുടുംബത്തെക്കുറിച്ചു തിരുസഭ ഗൗരവമായി ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങൾക്കു മാതൃക യായിരിക്കേണ്ടതു നസ്രത്തിലെ തിരുക്കുടുംബമാണ്.

മോശയുടെ നിയമപ്രകാരം ആദ്യജാതനായ ദിവ്യ ശിശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്ന രംഗമാണ് പിറവിക്കാലം രണ്ടാമത്തെ ഞായറാഴ്ച വായിക്കുന്നത് (ലൂക്കാ 2,21-35). ദൈവത്തിനു പൂർണമായി സമർപ്പിക്കപ്പെടുമ്പോഴാണ് മനുഷ്യാസ്തിത്വം അതിന്റെ ലക്ഷ്യം പ്രാപിക്കുന്നത്. സമർപ്പിതജീവിതത്തിലേക്കു ദൈവം വിളിക്കുന്നെങ്കിൽ അവിടുത്തെ സ്വരം നമ്മൾ തിരിച്ചറിയണം; പ്രത്യുത്തരം നല്കണം. മറ്റേതു ജീവിതാവസ്ഥയിലായാലും ദൈവാലയ കേന്ദ്രീകൃതമായി ജീവിതം നയിക്കാൻ വിശ്വാസികളോരോരുത്തർക്കും കടമയുണ്ട്.

**സെനക്കിൾ ആദ്ധ്യാത്മികത - 31**

# സഭാത്മകമായ ആദ്ധ്യാത്മികത




**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

സെനക്കിളിന് രണ്ടു തലങ്ങളുണ്ട്: 1. മിശിഹായും ശ്ലീഹന്മാരും പങ്കിട്ടനുഭവിച്ച സെനക്കിൾ അനുഭവതലം (യോഹ 13,1-17,26); 2. പരിശുദ്ധ കന്യകാമറിയവും ശ്ലീഹന്മാരും ശിഷ്യഗണവും ഭക്തസ്ത്രീകളും പങ്കിട്ടനുഭവിച്ച സെനക്കിൾ അനുഭവതലം (നട 1,1-2,13). സെനക്കിളിന്റെ ഒന്നാമത്തെ തലം മിശിഹാകേന്ദ്രീകൃതമായിരുന്നെങ്കിൽ, രണ്ടാമത്തെ തലം പരിശുദ്ധാത്മാവിൽ കേന്ദ്രീകൃതമാണ്. രണ്ടും സഭയുടെ തലങ്ങൾതന്നെയാണ്. ഒന്നാമത്തെ തലം മിശിഹായുടെ സാന്നിദ്ധ്യത്തെ ഭൂമിയിൽ പ്രതിനിധീകരിക്കുന്ന ഹയരാർക്കിപരമായ സഭയുടെ സ്വഭാവത്തെ വ്യക്തമാക്കുന്നെങ്കിൽ, രണ്ടാമത്തെ തലം മിശിഹായുടെ തുടർച്ചയായി സഭയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃസഹജമായ പരിലാളനയിൽ ലോകത്തെ അഭിമുഖീകരിക്കുന്നതുമായ ദൈവജനത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. ഹയരാർക്കിപരവും കരിസ്മാറ്റിക്കുപരവുമായ രണ്ടു മുഖങ്ങളാണ് സെനക്കിളിൽ നാം കാണുന്നതെങ്കിൽ, ഇവ രണ്ടും സഭയുടെ അടിസ്ഥാനപരമായ മുഖങ്ങൾതന്നെയാണ്. സഭ ഒരേസമയം ഹയരാർക്കിപരവും കരിസ്മാറ്റിക്കുപരവുമാണ്. അതുകൊണ്ട് സഭാജീവിതത്തിന് ഹയരാർക്കിപരവും കരിസ്മാറ്റിക്കുപരവുമായ രണ്ടു മാനങ്ങളുമുണ്ട്. ഇവ തമ്മിൽ അഭേദ്യമായ ബന്ധവുമുണ്ട്. അതുകൊണ്ട് ക്രിസ്തീയ ആദ്ധ്യാത്മികത അഥവാ സഭാത്മക ആദ്ധ്യാത്മികത അവശ്യം ഹയരാർക്കിപരവും കരിസ്മാറ്റിക്കുപരവുമാണ്.

## ശ്ലൈഹികപ്രബോധനത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത

സെനക്കിളിന്റെ ഒന്നാമത്തെ തലം സഭയുടെ ഹയരാർക്കിപരമായ സ്വഭാവത്തെ അനുസ്മരിപ്പിക്കുന്നു. ശിമയോൻ പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലൈഹികകൂട്ടായ്മയിൽ അധിഷ്ഠിതമായ സമൂഹമാണ് സഭ. ഈശോയുടെ മാർവിൽ ചാരിക്കിടക്കുന്ന യോഹന്നാൻ ഈശോയുടെ സ്നേഹത്തിൽ ഒന്നിപ്പിക്കപ്പെട്ട സഭാകൂട്ടായ്മയെയാണ് പ്രതിനിധീകരിക്കുന്നത്. ഈ സഭാകൂട്ടായ്മ ഈശോയുടെ സ്നേഹത്തിൽ ഒന്നായി നിലനില്ക്കേണ്ട കൂട്ടായ്മയാണ്. സഭയുടെ ഐക്യത്തിനുവേണ്ടി ഈശോ സെനക്കിളിൽ പ്രാർത്ഥിക്കുന്നത് (യോഹ 17,20-26) ഇതിന്റെ സൂചനയാണ്. അതേസമയം ഈ ഐക്യത്തിൽ നിലനില്ക്കുവാൻ സാധിക്കണമെങ്കിൽ ശിമയോൻ പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലൈഹികപ്രബോധനത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കണം. ശ്ലീഹന്മാരെയെല്ലാം പ്രതിനിധീകരിച്ചുള്ള പത്രോസിന്റെ വിശ്വാസപ്രഖ്യാപനമാകുന്ന പാറയിലാണല്ലോ ഈശോ സഭയെ പടുത്തുയർത്തിയിരിക്കുന്നത് (മത്താ 16,16-20).

സഭാചരിത്രത്തിലുണ്ടായിട്ടുള്ള ശീശ്മകളും പാഷണ്ഡതകളും സഭയിൽ വിഭജനമുണ്ടാക്കിയതിന്റെ കാരണം സഭയുടെ വിശ്വാസത്തിലുണ്ടായ അഭിപ്രായഭിന്നതകളാണ്. അതുകൊണ്ട് സഭയുടെ ജീവിതവും ആദ്ധ്യാത്മികതയും അവശ്യം ശ്ലൈഹികപ്രബോധനത്തിൽ അധിഷ്ഠിതമായിരിക്കണം. ശ്ലൈഹികപ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ സഭയെ വിശ്വാസത്തിൽ ഒന്നിപ്പിക്കുവാനുള്ള -പത്രോസിന്റെ നേതൃത്വത്തിലുള്ള- ശ്ലൈഹികശുശ്രൂഷയും സഭയ്ക്കുണ്ടാകണം. അപ്രകാരമുള്ള സഭാകൂട്ടായ്മയിൽ, ശ്ലൈഹികപ്രബോധനത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയാണ് യഥാർത്ഥ ക്രിസ്തീയ ആദ്ധ്യാത്മികത.

## അരൂപിയ്ക്കടുത്ത ജീവിതത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത

സെനക്കിളിന്റെ രണ്ടാമത്തെ തലം സഭയുടെ കരിസ്മാറ്റിക്പരമായ സ്വഭാവത്തെ അനുസ്മരിപ്പിക്കുന്നു. മാമ്മോദീസാ സ്വീകരിച്ച്, അരൂപിയിൽ ജനിച്ച്, അരൂപിയിൽ ജീവിക്കുന്നവരുടെ സമൂഹമാണ് സഭ. പന്തക്കുസ്താദിനത്തിൽ അഗ്നിജ്വാലകൾ പോലുള്ള നാവുകൾ സഭാസമൂഹത്തിന്റെമേൽ വന്നുനില്ക്കുന്നതും അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങിയതും ഇതിന്റെ അടയാളങ്ങളാണ് (നട 2,1-4). സഭ മിശിഹായിൽ അന്വർത്ഥമായ ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിക്കുകയും ജീവിക്കുകയും ആഘോഷിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന സമൂഹമാണ് (നട 2,14-47). പത്രോസിന്റെ നേതൃത്വത്തിലുള്ള സുവിശേഷ പ്രഘോഷണശുശ്രൂഷയിലൂടെയാണ് സഭയ്ക്ക് ആരംഭം കുറിച്ചത്: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവനോടു ചേർന്നു" (നട 2,41). അങ്ങനെ ആരംഭിച്ച സഭാസമൂഹം ശ്ലൈഹികപ്രബോധനത്തിലൂടെയുള്ള തുടർച്ചയായ സുവിശേഷസ്വീകരണത്തിലൂടെയും സുവിശേഷജീവിതത്തിലൂടെയും (കൂട്ടായ്മ) സുവിശേഷാഘോഷത്തിലൂടെയും (അപ്പം മുറിക്കൽ) ആണ് വളർച്ച പ്രാപിച്ചത് (നട 2,42). ഇപ്രകാരമുള്ള സഭാസമൂഹം സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായി വളരുന്നതായിട്ടാണ് നാം കാണുന്നത് (നട 2,47). ഇങ്ങനെ സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്ന പ്രധാനശില്പി പരിശുദ്ധാത്മാവാണ്. പരിശുദ്ധ കുർബാനയർപ്പണത്തിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെയാണ് സഭ പരിശുദ്ധാത്മാവിൽ ജനിക്കുന്നവരുടെയും അരൂപിയിൽ ജീവിക്കുന്നവരു




ടെയും സമൂഹമായിത്തീരുന്നത്. ഇപ്രകാരം കൂദാശാപരമായ ജീവിതത്തിലൂടെ അരൂപിയിൽ വളർച്ച പ്രാപിക്കുന്ന സഭാജീവിതത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയാണ് ക്രിസ്തീയ ആദ്ധ്യാത്മികത.

**വിശുദ്ധിയിൽ വളർത്തുന്ന ആദ്ധ്യാത്മികത**

പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവായതുകൊണ്ട് (റോമാ 1,4), സഭാത്മകമായ ആദ്ധ്യാത്മികത അവശ്യം വിശുദ്ധിയിൽ വളർത്തുന്ന ആദ്ധ്യാത്മികതയാണ്. പരിശുദ്ധാരൂപിയുടെ ദാനങ്ങളും ഫലങ്ങളും നിറഞ്ഞുനില്ക്കുന്ന, സ്നേഹവും സന്തോഷവും സമാധാനവും തുളുമ്പുന്ന, ഒരു ജീവിതമാണ് സഭയുടെ ആദ്ധ്യാത്മികതയുടെ മുഖമുദ്ര. ഇപ്രകാരം വിശുദ്ധരുടെ കൂട്ടായ്മയായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് പരിശുദ്ധാത്മാവ് തന്റെ വരദാനങ്ങൾ നല്കി സഭാംഗങ്ങളെ വിവിധ ശുശ്രൂഷകൾക്കായി സജ്ജരാക്കുന്നു. വരദാനങ്ങൾ നല്കുന്നത് മിശിഹായുടെ ശരീരമാകുന്ന സഭാസമൂഹത്തെ വിശുദ്ധരുടെ കൂട്ടായ്മയായി കെട്ടിപ്പടുക്കുവാനുള്ള ശുശ്രൂഷകൾക്കു വേണ്ടിയാണെന്ന വസ്തുത മറന്ന് സ്വന്തം മഹത്ത്വത്തിനും നേട്ടങ്ങൾക്കുമായി ഉപയോഗപ്പെടുത്തുവാനുള്ള പ്രലോഭനങ്ങൾക്ക് അടിമപ്പെട്ടാൽ അത് യഥാർത്ഥ ക്രിസ്തീയ ആദ്ധ്യാത്മികതയിൽനിന്നും വ്യതിചലിച്ചുപോകാൻ കാരണമാകും. “ഇതാ, കർത്താവിന്റെ ദാസി; നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ” (ലൂക്കാ 1,38) എന്നു പ്രത്യുത്തരിച്ച്, ദൈവകൃപ നിറഞ്ഞവളായി വിശുദ്ധിയിലും ശുശ്രൂഷയിലും വ്യാപരിച്ച, പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം ഈ സഭാത്മകാദ്ധ്യാത്മികതയുടെ ഉദാത്തമായ മാതൃകയാണ്. വരദാനങ്ങൾ സഭാനിർമ്മിതിക്കുള്ള ശുശ്രൂഷ ചെയ്യുവാൻവേണ്ടി നല്കപ്പെടുന്നവയാണ്. സഭയിലെ ശ്ലൈഹികശുശ്രൂഷയ്ക്കു വിധേയപ്പെട്ട്, സഭാസമൂഹത്തെ വിശുദ്ധരുടെ കൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ അവ സഹായകമാകണം. അങ്ങനെ വിശുദ്ധിയിൽ വളർത്തുന്ന ഒരു ആദ്ധ്യാത്മികതയാണ് സഭാത്മകമായ ആദ്ധ്യാത്മികത.





## നിന്നെയും വിളിക്കുന്നു.....

- ☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- ☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- ☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# പുൽക്കൂട്ടിലെ ശിശുവേ നീ വലിയവനാണ്...

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പുലരിയുടെ ഉദരത്തിൽ സൂര്യകിരണങ്ങളേറ്റ് തിളങ്ങുന്ന മഞ്ഞുപോലെ നൈർമ്മല്യമുള്ളതായിരുന്നു ബാല്യകാലത്തിലെ ക്രിസ്തുമസ്സ്...

എന്റെ കൊച്ചുലോകം ഈ വലിയ തിരുനാളിന്റെ പെരുമയിൽ നേരത്തെ അണിഞ്ഞൊരുങ്ങുവാൻ തുടങ്ങിയിരുന്നു. അലങ്കാരങ്ങളെല്ലാം ആർഭാടങ്ങൾക്ക് വഴിമാറുന്നതിനുമുമ്പ് അലങ്കാരങ്ങളുടെ അകത്തളങ്ങൾക്ക് ത്യാഗവും സ്നേഹവും വഴിഞ്ഞൊഴുകുന്ന നേരിന്റെ വെളിച്ചം ഉണ്ടായിരുന്നു...

ഈ നേരിന്റെ ശുദ്ധിയിൽ സ്വയവും ജീവിക്കുന്ന ചുറ്റുപാടും തദ്വാര നമ്മുടെ പ്രപഞ്ചവും അലങ്കരിക്കാനുള്ള ഒരു വിളി ആഗതമാകുന്ന ക്രിസ്തുമസ്സ് നമുക്കു തരുന്നില്ലേ? ഈ അലങ്കാരം കണ്ണഞ്ചിപ്പിക്കുന്നതും കലർപ്പുള്ളതും ആഴമില്ലാത്തതുമായ ലൗകികതയുമായി കൂട്ടികുഴയ്ക്കാതെ നമ്മെ അലങ്കരിക്കുന്നവനിലേക്ക് ഉൾക്കണ്ണ് തുറന്ന് നോക്കാം.

കരുതലോടും കരവിരുതോടുംകൂടി നമ്മെ രൂപപ്പെടുത്തിയ ദൈവം മനുഷ്യനു ധരിക്കാൻ നൽകിയത് മഹത്ത്വത്തിന്റെ വസ്ത്രമാണ്. പാപത്തിന്റെ പതനംമൂലം അഴുക്കും പഴക്കവും സംഭവിച്ച് നിറം മങ്ങിയ മനുഷ്യകുലത്തെ മഹത്ത്വത്തിന്റെ വസ്ത്രം അണിയിച്ച മഹാ ഉത്സവമാണ് ക്രിസ്തുമസ്സ്...

ലോകം മുഴുവനുമായുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്ത! ഈ വാർത്ത– ഈ ശിശുവിന്റെ ജനനം എനിക്ക് സദ്വാർത്തയാണോ? ആകണമെങ്കിൽ ആദ്യം **അകം** ശാന്തമാക്കണം... ഇന്ന് എവിടെയും ബഹളങ്ങളല്ലേ... ഉള്ള് ശാന്തമാക്കി ഉള്ളറിയുന്നവനോട് തുറക്കാൻ തുടങ്ങിയാൽ ഒത്തിരി ഉരുകേണ്ടിവരും... അത് വേദനയാകാം... തുറക്കാതിരുന്നാൽ അഴുക്കു പുരണ്ട നീ വിലകെട്ടവനാകും...

മങ്ങിപ്പോയ മനുഷ്യത്വത്തിന്റെ മഹത്ത്വം പതിന്മടങ്ങ് തിളക്കത്തോടെ തിരികെ നൽകാൻ കെല്പുള്ള ദിവ്യശിശുവിനെ നമ്മോടു സംസാരിക്കാൻ അനുവദിക്കാം... വെളിപാട് 2,4 ലൂടെ അവിടുന്ന് നമ്മോട് സംസാരിക്കുന്നു: "എങ്കിലും നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ, ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക. അല്ലെങ്കിൽ, ഞാൻ നിന്റെ അടുത്തുവരുകയും നിന്റെ ദീപപീഠം അതിന്റെ സ്ഥലത്തുനിന്നു നീക്കിക്കളയുകയും ചെയ്യും".

മനുഷ്യാ, നിന്റെ ആദ്യസ്നേഹത്തിലേക്കൊരു തിരിച്ചുപോക്ക്...

ആദ്യശുദ്ധിയുടെ വീണ്ടെടുപ്പ്...

ആദ്യ മഹത്ത്വത്തെ വീണ്ടും ധരിക്കൽ... അതായിരുന്നു ഉണ്ണി മിശിഹായുടെ തിരുജനനത്തിന്റെ ഉൾപ്പൊരുളും ലക്ഷ്യവും!!!

ഈ തിരിച്ചുപോക്കിന് നമ്മെ പ്രേരിപ്പിക്കുന്നത് ദൈവസ്നേഹത്തിന്റെ അതിരറ്റ സൗന്ദര്യമാണ്...

ആയിരം സൂര്യഗോളങ്ങളെക്കാൾ പ്രഭയുള്ളവൻ ഒരു കന്യകയുടെ ഉദരത്തിലേക്ക് ചുരുങ്ങിയത്...

അനേക വൃന്ദം മാലാഖമാർ അനവരതം പാടിസ്തുതിക്കുന്ന പരിശുദ്ധൻ മനുഷ്യകരങ്ങളിൽ വഹിക്കാവുന്ന ശിശുവായി മാറിയത് എന്നെ വിശുദ്ധീകരിക്കാൻ.....

സമുദ്രത്തിനു മീതെ നടന്നും അഞ്ചപ്പം അയ്യായിരങ്ങൾക്ക് വിളമ്പിയും ശക്തി തെളിയിച്ചവൻ ഒരു കന്യകയുടെ പാൽ നുകർന്നതും ഒരു വളർത്തുപിതാവിനെ ആശ്രയിച്ചതും എന്റെ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ രുചിച്ചറിയാൻ...

"നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത്?" (നിയമാവർത്തനം 4,7).

ഇതൊരു തിരിച്ചറിവാണ്... നാം ദൈവത്തിന്റേതാണെന്ന്... ദൈവം നമ്മുടേതാണെന്ന്... ഈ ദൈവം നമുക്കുവേണ്ടി മനുഷ്യനായെന്ന്... ഈ തിരിച്ചറിവ് ഒരിക്കലുമണയാത്ത തിരിയായി ഹൃദയത്തിൽ കത്താൻ ഉണ്ണിമിശിഹായോട് പ്രാർത്ഥിക്കാം:

സമാധാനരാജാവേ, അനുരഞ്ജനത്തിന്റെ തിരി എന്നിൽ കത്തിക്കണമേ...

മഹത്ത്വത്തിന്റെ ഉടയവനേ, നിന്റെ മഹത്ത്വംകൊണ്ട് എന്നെ ഉടുപ്പിക്കണമേ.

പരിശുദ്ധ സ്നേഹത്തിൽ ഞങ്ങൾക്കുവേണ്ടി മനുഷ്യനായവനേ, നിന്റെ സ്നേഹഗീതത്തിന്റെ പ്രകമ്പനംകൊണ്ട് എന്റെ ബധിരതയെ മാറ്റേണമേ...



# ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

തിരുസ്സഭ എന്നാൽ അൾത്താരയ്ക്കു ചുറ്റും ആരാധനയ്ക്കായി ഒന്നുചേരുന്ന സമൂഹമാണ് എന്നത് നാം മനസ്സിലാക്കേണ്ട സത്യമാണ്. കാരണം സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തെ ഈശോയോടൊപ്പം പരിശുദ്ധാത്മാവിൽ ആരാധിക്കുന്ന ആരാധനാസമൂഹമാണ് സഭ. ഏശ 6:1–12 ഉം വെളി 4:1–6 ഉം ഈ ആരാധനാസമൂഹത്തെ നമുക്കു കാട്ടിത്തരുന്നു. ത്രിത്വദൈവത്തോടൊപ്പം സ്വർഗ്ഗീയസമൂഹത്തിൽ നാമായിരിക്കുന്നതിനുവേണ്ടിയാണ് ഈ ലോകത്തിൽ നാം വിശ്വാസജീവിതം നയിക്കുന്നത്. ഈ ലോകത്തിൽ ഈ സ്വർഗ്ഗീയ അനുഭവം ആസ്വദിക്കുവൻ തിരുസ്സഭ നമുക്ക് അവസരമൊരുക്കുന്നു. നമ്മുടെ ആരാധനക്രമം അതാണ് ചെയ്യുന്നത്. വിശുദ്ധ അൾത്താര ദൈവത്തിന്റെ സിംഹാസനമാണ്. സ്വർഗ്ഗീയ ആരാധനയിലുള്ള പങ്കുചേരലണ് ആരാധനക്രമം.




അൾത്താര കേന്ദ്രീകൃതമായി, അഥവാ ദൈവത്തിന്റെ സിംഹാസനത്തിന്റെ അരികിൽ പരിശുദ്ധത്രിത്വ സാന്നിധ്യത്തിൽ നടത്തുന്ന ആരാധനക്രമത്തോട് തുലനം ചെയ്യുവാൻ സാധിക്കുന്ന മറ്റു പ്രാർത്ഥനകളോ ആചാരാനുഷ്ഠാനങ്ങളോ തിരുസ്സഭയിൽ ഇല്ല. സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹാ അനാവരണം ചെയ്തു നടത്തുന്ന പ്രാർത്ഥനകൾ അതായത് കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയ്ക്ക് മറ്റെന്തിനെയുംകാൾ പ്രാധാന്യമുണ്ട്. കാരണം അത് സഭയുടെ പൊതുവായതും ഔദ്യോഗികവുമായ പ്രാർത്ഥനകളാണ്. അവ ദൈവതിരുമുമ്പിൽ അവിടുത്തെ മൗതികശരീരവും മണവാട്ടിയുമായ സഭ നടത്തുന്ന പ്രാർത്ഥനയിലുള്ള നമ്മുടെ പങ്കാളിത്തമാണ്. ആരാധനക്രമം (കൂദാശകൾ, യാമപ്രാർത്ഥനകൾ തുടങ്ങിയവ) സഭയുടെ ശിരസ്സായ ഈശോ പിതാവായ ദൈവതിരുമുമ്പിൽ ചെയ്യുന്ന ആരാധനയാണ്. ഉദാഹരണമായി, പരിശുദ്ധ കുർബാന ഈശോ സ്വയം പിതാവിന് തന്നെത്തന്നെ സമർപ്പിച്ച ആത്മബലിയാണ്. ബലഹീനരായ നമ്മുടെ പ്രാർത്ഥനകളോ ബലികളോ കാഴ്ചകളോ അർപ്പിക്കുന്നതുപോലെയല്ല അത്. ഏറ്റം പരിശുദ്ധമായ, ദൈവികമായ ആരാധനയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ശക്തമായി നമ്മെ പഠിപ്പിക്കുന്നത്, "ആരാധനക്രമത്തോട് തുലനം ചെയ്യുന്നതോ അതിനേക്കാൾ പ്രാധാന്യമേറിയതോ ആയ ഒരു പ്രാർത്ഥനയും ആരാധനയും സഭയിൽ ഇല്ല" എന്നാണ്.

ഇത്തരത്തിലുള്ള ആരാധനക്രമത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവാനുഭവം അനുദിന ജീവിതത്തിൽ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സഭയോ, വ്യക്തികളോ രൂപംകൊടുത്ത മാർഗ്ഗങ്ങളാണ് ഭക്താനുഷ്ഠാനങ്ങൾ. ആകയാൽ ഭക്താനുഷ്ഠാനങ്ങൾ സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആരാധനക്രമത്തിൽ നിന്ന് ചൈതന്യം സ്വീകരിച്ചതും അതിലേക്ക് നമ്മെ നയിക്കുന്നതുമായിരിക്കണം ഭക്താനുഷ്ഠാനങ്ങൾ.

ഭക്താനുഷ്ഠാനങ്ങൾ മനുഷ്യൻ തന്റെ ദൈവാനുഭവത്തിൽ രൂപംകൊടുത്തതാണ്. എന്നാൽ ആരാധനക്രമമാകട്ടെ ഈശോയുടെ ജീവിതത്തിൽ നിന്നും ജന്മമെടുത്തതും ശ്ലീഹന്മാരുടെ കാലത്ത് അവർ വളർത്തിയെടുത്തതുമാണ്. ഭക്താനുഷ്ഠാനങ്ങൾ ഒരിക്കലും ആരാധനക്രമത്തേക്കാൾ പ്രാധാന്യം ഉള്ളതായിരിക്കരുതെന്ന് സഭ പറയുന്നതിനു കാരണമിതാണ്. ഭക്താനുഷ്ഠാനങ്ങൾ സഭ ഔദ്യോഗികമായി ആരംഭിച്ചവയല്ല. ചില വ്യക്തികളോ, സമൂഹങ്ങളോ ആരംഭിച്ച് പ്രചരിപ്പിച്ചവയാണ്. അത് ഓരോരുത്തർക്കും ഇഷ്ടാനുസരണം സ്വീകരിക്കാം. എന്നാൽ ആരാധനക്രമം ഈശോയുടെ രക്ഷയുടെ പ്രവൃത്തികളിൽ അധിഷ്ഠിതവും ശ്ലൈഹികസഭയിൽ ആരംഭിച്ചതും തിരുസ്സഭ ഔദ്യോഗികമായി പരിപോഷിപ്പിച്ചവയുമാണ്.

സീറോ-മലബാർ സഭയിലെ ആരാധനക്രമ അനുഷ്ഠാനങ്ങൾ കൂദാശകൾ, യാമപ്രാർത്ഥനകൾ, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾ, ദൈവാലയകൂദാശ, മൂറോൻ കൂദാശ എന്നിവയാണ്. ഇവയാണ് സഭയിലെ ഏറെ പ്രധാനപ്പെട്ട ആരാധനകൾ. സ്ലീവ, സ്ലീവായോടുള്ള വണക്കം, മാതാവിനോടുള്ള ഭക്തി, നോമ്പ്, ഉപവാസം, വിശുദ്ധരുടെ വണക്കം തുങ്ങിയവയാണ് സീറോ മലബാർ സഭയിലെ പ്രധാന ഭക്താനുഷ്ഠാനങ്ങൾ. ഇവയോടു ചേർന്ന് ലത്തീൻസഭയിൽനിന്നും നമ്മുടെയിടയിൽ പ്രചരിക്കുന്ന നൊവേനകളും ജപമാലകളും മറ്റുമുണ്ട്. ഇവയൊക്കെയും വിശുദ്ധ കുർബാനയിലേക്കും ആരാധനക്രമത്തിലേക്കും നമ്മെ നയിക്കണം. ഭക്താനുഷ്ഠാനങ്ങൾ നമ്മെ യഥാർത്ഥ ആരാധനാനുഷ്ഠാനങ്ങളിൽനിന്ന് അകറ്റുന്നുവെങ്കിൽ അത് ശരിയായ

ഭക്തിയല്ല എന്നും സഭ പഠിപ്പിക്കുന്നു. അവ ഒരിക്കലും ആരാധനക്രമത്തിനു പകരമാവില്ല. (CCC 1675, SC. 13, 10).

വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതവും ദൈവവചനത്തിൽ അധിഷ്ഠിതവുമായ കൂദാശാജീവിതമാണ് നമ്മുടെ യഥാർത്ഥ ആദ്ധ്യാത്മികത. ജപമാലയുടെ പേരിൽ യാമപ്രാർത്ഥനകൾ ഇല്ലാതാക്കുന്നതും നൊവേനകൾക്ക് സമയം കണ്ടെത്താൻ വചനപ്രഘോഷണം ഉപേക്ഷിക്കുകയും വിശുദ്ധ കുർബാന വെട്ടിച്ചുരുക്കുകയും ചെയ്യുന്നതും ക്രിസ്തുമസ്സ്, ദനഹാ, ഈസ്റ്റർ തുടങ്ങിയ കർത്താവിന്റെ തിരുനാളുകൾ അവഗണിക്കുകയും വിശുദ്ധരുടെ തിരുനാളുകൾ ആർഭാടപൂർവം നടത്തുകയും ചെയ്യുന്നതും ശരിയല്ല. പരിശുദ്ധ കുർബാന അർപ്പണത്തേക്കാൾ, കുർബാനയുടെ ആരാധനയ്ക്ക് പ്രാധാന്യം നല്കുന്നതും ഉചിതമല്ല. വിശുദ്ധരുടെ രൂപങ്ങൾക്ക് വിശുദ്ധ സ്ലീവായേക്കാൾ പ്രാധാന്യമേകുന്നത് തെറ്റുതന്നെ.

ഭക്താനുഷ്ഠാനങ്ങൾ ആരാധനക്രമത്തിന്റെ അനുഭവം നിലനിർത്തുന്നതിനും അതിലേക്ക് നമ്മെ നയിക്കുന്നതിനും ഉതകണം. അവ തമ്മിൽ ഫലദായകത്വത്തിലും അന്തസ്സത്തയിലും വ്യത്യാസമുണ്ട്. മിശിഹായുടെയും സഭയുടെയും പ്രവൃത്തിയിലും ആരാധനയിലുമുള്ള പങ്കാളിത്തമാണ് ആരാധനക്രമം. അതിലൂടെ ലഭിക്കുന്ന ദൈവാനുഭവത്തിൽ, നമുക്കു കൈവരുന്ന ഭക്തിയിൽ നാം നടത്തുന്ന വ്യക്തിപരമായ പ്രാർത്ഥനയാണ് ഭക്താനുഷ്ഠാനങ്ങൾ.

കവിത

# കനിവുള്ള അമ്മ

**ബാബു പേണ്ടാനം നീലൂർ, പാലാ**

കർമ്മല മാതാവിൻ മുമ്പിൽ
കണ്ണീരൊഴുക്കി ഞാൻ നിന്നു
കദനനോവറിയുന്ന അമ്മ
കരുണയോടെന്നർഥന കേട്ടു

കാനായിൽ കരുണ ചൊരിഞ്ഞവളേ
കുരിശിൽ തൻ പുത്രനു തുണയായവളേ
കൂരിരുൾ തിങ്ങുന്ന വേളകളിൽ
കൂട്ടിനായ് നീ വരികെന്റെ ചാരേ

കയ്യിൽ ജപമാലയെണ്ണി നിന്റെ
കാരുണ്യം ഞങ്ങൾ കേണിടുമ്പോൾ
കരുണ ചൊരിഞ്ഞിടും നിന്റെ പുത്രൻ
കന്മഷം നീക്കിടും ദിവ്യനാഥൻ.

കടലോളം വേദനയറിഞ്ഞവളേ
കേഴുന്നോർക്കാശ്വാസമായവളേ
കാരുണ്യം തേടിഞാനെത്തിടുമ്പോൾ
കൈവെടിയാതെന്നെ കാക്കേണമേ.



# കണ്ണിമയ്ക്കാത്ത കാവൽമാലാഖ



**മങ്ങാടൻ**

ഒരു വർഷത്തോളമായി ചികിത്സാർത്ഥം ഹോസ്പിറ്റലിൽ കഴിയുന്ന അപ്പുവിന് പറയാനൊന്നേ ഉള്ളൂ... കാവൽമാലാഖ കണ്ണു ചിമ്മാറില്ല. ക്യാൻസർ ബാധിതനായ അപ്പു കഴിഞ്ഞ 12 മാസമായി കാവൽ മാലാഖയുടെ സാന്നിധ്യം തൊട്ടറിയുകയായിരുന്നു. കീമോ തെറാപ്പിയും റേഡിയേഷനുമൊക്കെയായി ഉറങ്ങാതെയും ഉറക്കാതെയും കഴിഞ്ഞ മാസങ്ങൾ... "ഓരോ ദിവസവും പുത്തനുണർവ്വോടെ പ്രായമായ എന്റെ അമ്മ എനിക്കുവേണ്ടി ഉണർന്നിരിക്കുമ്പോൾ ഞാൻ എന്റെ കാവൽമാലാഖയെ കൺമുമ്പിൽ കാണുകയായിരുന്നു". അപ്പു ഇതു പറയുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. "ഒരു പരാതിയോ പരിഭവമോ കൂടാതെ കണക്കുകൂട്ടലുകളൊന്നും കൂടാതെ എനിക്കുവേണ്ടി ജീവിച്ച

എന്റെ അമ്മ... ഈ ഭൂമിയിൽ നമുക്കു ദൈവം തരുന്ന കാവൽ മാലാഖ അമ്മയല്ലാതെ മറ്റാരുമല്ല. “ഈ കാവൽമാലാഖയെ സങ്കടപ്പെടുത്തരുതേ...” അപ്പു ഇതു പറഞ്ഞുനിർത്തിയപ്പോൾ ആരോ പറഞ്ഞ ഒരു സംഭവമാണ് എനിക്കോർമ്മവന്നത്. നീണ്ട വർഷങ്ങളോളം കാണാതായ തന്റെ മകന് അത്താഴം വിളമ്പി - അവനേതെങ്കിലും രാത്രി കടന്നുവന്നെങ്കിൽ എന്നു കരുതി - വാതിൽ പാതി ചാരി, ഉറങ്ങാതെ കാവലിരിക്കുന്ന ഒരമ്മ... എല്ലാ അമ്മമാരുടെയും ഉള്ള് ഇങ്ങനെതന്നെയാ. പ്രകടനങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഹൃദയത്തിന്റെ വലുപ്പം ഒന്നുതന്നെയാ... പിന്നെന്തേ വൃദ്ധമന്ദിരങ്ങളിൽ എണ്ണം അടിക്കടി വർദ്ധിക്കുന്നത്? സ്വത്തും വീതവും സ്നേഹം നടിച്ച് സ്വന്തമാക്കിയിട്ട് വഴിയോരങ്ങളിലേക്കു തള്ളുന്നു? നിസ്സാരകാര്യങ്ങളാൽ അവരെ ഒറ്റപ്പെടുത്തുന്നു? അന്യായ കുറ്റങ്ങളാരോപിച്ച് ശാരീരികവും മാനസികവുമായി അവരെ പീഡിപ്പിക്കുന്നു?

കണ്ണീരു ചാലു കീറിയ കവിൾത്തടത്തിൽ ചുംബനം കൊടുത്തപ്പോൾ വൃദ്ധസദനത്തിലെ ഒരമ്മ പറഞ്ഞു, ഇങ്ങനെയൊന്ന് എന്റെ മക്കളിൽനിന്ന് കിട്ടാൻ ഞാനേറെ കൊതിച്ചിട്ടുണ്ട്... എന്തും ഉപയോഗം കഴിയുമ്പോൾ വലിച്ചെറിയുന്ന സംസ്കാരമാണ് നമ്മെ ഭരിക്കുന്നതെങ്കിലും മറക്കരുത്, പ്രിയപ്പെട്ടവരേ, മാതാപിതാക്കളുടെ മഹത്ത്വം... ചോര നീരാക്കിയതും, തേഞ്ഞുതീർന്നതും, സൗന്ദര്യം നഷ്ടമാക്കിയതുമൊക്കെ നിങ്ങൾക്കുവേണ്ടിയാണ്... ഇന്നും നിങ്ങൾക്കുവേണ്ടി ത്രസിക്കുന്ന ഒരു ഹൃദയമാണ് ആ ശരീരത്തിലുള്ളത്... അതിൽ ഒറ്റപ്പെടുത്തലിന്റെ, കരുതലില്ലായ്മയുടെ, അവഗണനയുടെ വാൾ കുത്തിയിറക്കി മുറിവേൽപിക്കരുതേ... മുറിയപ്പെടുമ്പോഴും നിങ്ങളോടുള്ള സ്നേഹത്തിന്റെ ആഴങ്ങളിൽ നിന്നുമായിരിക്കും രക്തം ഇറ്റിറ്റു വീഴുക എന്നതു മറക്കാതിരിക്കാം.

ഉപയോഗമില്ലാത്തതിനാൽ ഉപേക്ഷിക്കുവാൻ മനസ്സൊരുക്കിയ ഹൃദയത്തിന്റെ വലുപ്പം കുറഞ്ഞവരെ നോക്കി വി. ഗ്രന്ഥം ഇങ്ങനെ ഓർമ്മപ്പെടുത്തുന്നു.

പ്രഭാ 3:4 “അമ്മയെ മഹത്ത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു”; പ്രഭാ 3:10 “അമ്മയുടെ ശാപം ഭവനത്തിന്റെ അടിത്തറ ഇളക്കും”

പ്രഭാ 3:11 “അമ്മയെ അനാദരിക്കുന്നവൻ അപകീർത്തിക്കിരയാകും”

പ്രഭാ 3:16 “മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും”

പുറപ്പാടിന്റെ പുസ്തകം 20:12 ലും നിയമാവർത്തനം 5:16 ലും പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനം 6:1 ലും ഒന്നുപോലെ ആവർത്തിക്കുന്ന ഈ വചനത്തെ ഹൃദയത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്താം.

“ദീർഘനാൾ ജീവിച്ചിരിക്കാനും നിന്റെ ദൈവമായ കർത്താവു തരുന്ന നാട്ടിൽ നിനക്കു നന്മയുണ്ടാകാനുംവേണ്ടി അവിടുന്ന് കൽപിച്ചിരിക്കുന്നതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക”.






1. ആരാധനാവത്സരത്തിലെ ആദ്യത്തെ കാലത്തിന്റെ പേരെന്താണ്.
2. മംഗളവാർത്താക്കാലത്തിലെ പ്രധാന തിരുനാൾ ഏതാണ്?.
3. പിറവിക്കാലം സുറിയാനിയിൽ എങ്ങനെയാണ് അറിയപ്പെടുന്നത്?
4. മംഗളവാർത്തക്കാലം മൂന്നാം ഞായറാഴ്ചയിലെ പ്രഘോഷണവിഷയമെന്ത്?
5. ഈശോയ്ക്ക് വഴിയൊരുക്കാൻ വന്നതാര്?
6. 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്നു പറഞ്ഞതാര്?
7. ഈശോ ജനിച്ചപ്പോൾ 'ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' എന്ന സന്ദേശം ലഭിച്ചതാർക്ക്?
8. 'നീ സ്ത്രീകളിൽ അനുഗൃഹീതയാണ്; നിന്റെ ഉദരഫലവും അനുഗൃഹീതം' എന്ന് ആര് ആരെക്കുറിച്ച് പറഞ്ഞതാണ്?
9. ഈശോയ്ക്ക് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാന്റെ പിതാവിന്റെ പേരെന്താണ്?
10. മറിയവുമായി വിവാഹനിശ്ചയം ചെയ്തിരുന്ന ജോസഫ് ഏതു വംശത്തിൽപ്പെട്ട ആളാണ്?.

തയ്യാറാക്കിയത്: **സിജി കുന്നത്ത്**

## ഉത്തരങ്ങൾ

| | |
|---|---|
| 1. | 2. |
| 3. | 4. |
| 5. | 6. |
| 7. | 8. |
| 9. | 10. |

**കഴിഞ്ഞ ലക്കത്തിലെ വിജയി: ജെനാസ്റ്റി ത്രേസ്യാ ജോസഫ് തുണ്ടിപ്പറമ്പിൽ, പുന്നക്കുന്നം**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഡിസംബർ 15).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

വിശുദ്ധിയുടെ മുത്തുകൾക്ക്

ബാലനോവൽ – 1



# കുഞ്ഞാറ്റയുടെ കുമ്പസാരം

**ഷീജ കാലായിൽ**

"എന്നിൽ, അതായത്, എന്റെ ശരീരത്തിൽ നന്മ വസിക്കുന്നില്ലെന്നു ഞാനറിയുന്നു. നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും; എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതു ഞാൻ ചെയ്യുന്നുവെങ്കിൽ അതു ചെയ്യുന്നത് ഒരിക്കലും ഞാനല്ല. എന്നിൽ വസിക്കുന്ന പാപമാണ്. അങ്ങനെ നന്മ ചെയ്യുവാനാഗ്രഹിക്കുന്ന എന്നിൽത്തന്നെ തിന്മയുണ്ട് എന്നൊരു തത്വം ഞാൻ കാണുന്നു" (റോമാ 7:18-21).

പരി. കുമ്പസാരത്തിനും, ആഘോഷമായ പരി. കുർബാന സ്വീകരണത്തിനുമായി ഒരുങ്ങുന്ന എന്റെ കുഞ്ഞുകൂട്ടുകാരോട് ഒന്നു കൂട്ടുകൂടാൻ ഉള്ളിലൊരു ആഗ്രഹം. എല്ലാവരും ഒരുങ്ങിയോ? പ്രാർത്ഥിച്ച്... അതോ.... ആദ്യ കുർബാന സ്വീകരണത്തിന് സുന്ദരിയായി/ സുന്ദരനായി/ചമഞ്ഞൊരുങ്ങാൻ ബ്യൂട്ടിപാർലറിൽ കൊണ്ടുപോകാനുള്ള മമ്മിമാരുടെ ആഗ്രഹം, ഒപ്പം സമ്മാനങ്ങൾ... പൂത്തനുടുപ്പ്, സൈക്കിൾ, മാല, വള, കമ്മൽ, വാച്ച്... അതിനുമുമ്പ് വീട്ടുകാരെയും നാട്ടുകാരെയും വിളിക്കണം... ആകെപ്പാടെ തിരക്ക് അല്ലേ?

എന്റെ കുഞ്ഞുകൂട്ടുകാരേ, നമുക്കു തെറ്റുപറ്റുന്നുണ്ടോ? ഒരു സംശയം. ആരാ പറഞ്ഞത് ഇത് ആദ്യകുർബാന സ്വീകരണമാണെന്ന്? നിങ്ങൾ ഓർക്കുന്നുണ്ടോ എന്നറിയില്ല... മാമ്മോദീസായിൽ തന്റെ തിരുശരീര രക്തങ്ങൾ ഈശോ പുരോഹിതനിലൂടെ നിങ്ങളുടെ കുഞ്ഞു നാവുകളിലേക്ക് വച്ചുതന്നതല്ലേ. അന്ന് നാം സ്വീകരിച്ചതല്ലേ ഈശോയെ! പിന്നെയെങ്ങനെയാ ആദ്യകുർബാന സ്വീകരണമെന്നു പറയുക? ഇത് കുമ്പസാരമെന്ന അനുരഞ്ജനകൂദാശ ആദ്യമായി സ്വീകരിക്കുന്ന സമയമല്ലേ? ഈ വിശുദ്ധ സമയത്ത് മനസ്സിലുണ്ടാവേണ്ടത് എന്താണ്? അറിഞ്ഞും അറിയാതെയും ചെയ്തുപോയ പാപങ്ങൾ ഓർക്കണം. ചെയ്തുപോയവയെ ഓർത്ത് അനുതപിക്കണം. ഇനി പാപം ചെയ്യാതിരിക്കാനുള്ള ഹൃദയംനിറഞ്ഞ ആഗ്രഹവും, അതിനായുള്ള പരിശ്രമവും, ഈശോയേ ഇനിയും പാപം ചെയ്യാൻ അനുവദിക്കരുതേയെന്ന പ്രാർത്ഥനയും ഈശോയ്ക്കു കൊടുക്കണം. പൗലോസ്ശ്ലീഹാ പറഞ്ഞത് ഓർക്കുന്നുണ്ടോ? ആഗ്രഹിക്കുന്ന നന്മയല്ല, ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നത്".

ഇപ്പോൾ എന്റെ കുഞ്ഞുകൂട്ടുകാരോട് ഒരു കഥ പറയണമെന്നു തോന്നുന്നു. കഥ അടുത്ത വട്ടം കാണുമ്പോൾ തുടങ്ങാം എന്താ....



# The Ladder to Divinity

**A. Johnson**

The Period of Annunciation proclaims the coming of the Lord to the world for gathering the people together to prepare the way to divinity. “He will be great, and will be called the son of most high, and the Lord God will give him the throne of his ancestor David. He will reign over the house of Jacob forever, and of his kingdom there will be no end” (Lk 1:32). It extends a ladder to divinity: - the great saving activity of God for humankind. God has taken the form of a human in order to bring human to Divine: “who, though he was in the form of God, did not regard equality with God as something to be exploited, but emptied himself taking the form of a slave, being born in human likeness and being found in human form, he humbled himself” (Phil 1:6-8a). Here, we can see the great sacrifice of God in the form of humility for saving the humanity. The great love that he has made

known to us is not to be unanswered. All the human in the world are to be prepared for giving the most suitable response to God through their lives.

The ladder is ready…... now, the question is: - Are we ready to climb up the ladder? Are we prepared enough to go ahead? We are living in a world, which is polluted with selfish hearts. Pope Francis, in his encyclical, *Laudato si* quotes the words of Pope Benedict "*The misuse of creation begins, when we no longer recognize any higher instance than ourselves, when we see nothing else but ourselves*". The human has become self-centered and everyone is hankering for the wealth and power to get domain over the other. The eyes of mercy, the hands of service, the purity of love and friendship are slowly wiped out from the earth. The world is prevailed by terror and violence and there is no room for peace and harmony. God reminds us "Do not fall in to the grip of passion or you may be torn apart as by a bull, your leaves will be devoured and your fruit destroyed and you will be left like a withered tree" (Sir 6:2-4). So let us come out of our ego-centric life and make the world free from wars, quarrels and hatred as the wish of God. "And the Lord's servant must not be quarrelsome but kindly to everyone, an apt teacher, patient, and correcting opponents with gentleness" (2Tim 2:24-25).

This season asks us to prepare ourselves. We must be ready with the hearts of love, service and sacrifice to receive Christ who was born in the manger at Bethlehem. Let us also step in to the boots of humility by which, we can bring the world to the peace and harmony. It does not mean merely freedom from troubles and sufferings, but it is everything that leads to the highest good. God reminds us "If you do well, will you not be accepted? And if you do not do well, sin is lurking at the door" (Gen 4:7). As we approach to the ladder to divinity, we must understand that the footsteps of the ladder is made up of peace, love, humility, service etc. We must be the bearers of **peace;** "Peace I leave with you. My peace I give to you, I do not give to you as the world gives. Do not let your hearts be troubled, and do not let them be afraid." (Jn 14:27), we must be the people of **love** "Whoever loves a brother or sister lives in the light, and in such a person there is no cause for stumbling" (1 Jn 2:10), we must cling to **humility**. "Blessed are the meek, for they will inherit the earth" (Mt 5:5) and we must give ourselves in **service**, "For you were called to freedom, brothers and sisters; only do not use your freedom as an opportunity for self-indulgence, but through love, become slave to one another" (Gal 5:13). When we do that, we can say together with St. Paul "And it is no longer I who lives, but it is Christ who lives in me" (Gal 2:20). Let it be our prayer and wish in the great season of nativity.



# കാത്തിരിപ്പിന്റെ സന്തോഷം

**ഫിലോ കുറ്റിയാത്ത്**

കാത്തിരിപ്പിന്റെ ഒരു ലോകമാണ് നമുക്കു ചുറ്റും കാണുക. ബസ്സ് സ്റ്റോപ്പുകളിൽ അനേകർ ബസ് കാത്തുനിൽക്കുന്നു. റെയിൽവേ സ്റ്റേഷനിൽ ചെന്നാൽ കാത്തുനിൽക്കുന്നവരുടെ എണ്ണം വളരെയേറെയാണ്. കുടുംബത്തിൽ മാതാപിതാക്കൾ മക്കളെ കാത്തിരിക്കുന്നു. ഭാര്യ ഭർത്താവിനെ കാത്തിരിക്കുന്നു. ഭർത്താവ് ഭാര്യയെ കാത്തിരിക്കുന്നു. കുഞ്ഞില്ലാത്ത ദമ്പതികൾ കുഞ്ഞിനുവേണ്ടി കാത്തിരിക്കുന്നു. രോഗി ആരോഗ്യം കാത്തിരിക്കുന്നു. പാവപ്പെട്ടവൻ സമ്പത്തിനുവേണ്ടി കാത്തിരിക്കുന്നു. എന്തുകൊണ്ടാണ് കാത്തിരിക്കുക? കാത്തിരിപ്പിന്റെ രഹസ്യം എന്താണ്? പ്രതീക്ഷ. പ്രതീക്ഷയുള്ളതുകൊണ്ടാണ് നാം കാത്തിരിക്കുന്നത്. വരും, എത്തും, ലഭിക്കും എന്നെല്ലാം നാം പ്രതീക്ഷിക്കന്നു.

ഈ കാത്തിരിപ്പിനു പുറമേ അപരനു മാറ്റം വരും എന്ന പ്രതീക്ഷയോടെ പ്രാർത്ഥിച്ചു കാത്തിരിക്കുന്നവരേയും കാണാം. മോനിക്ക പുണ്യവതിയുടെ 28 വർഷത്തെ കാത്തിരിപ്പും പ്രാർത്ഥനയും പ്രതീക്ഷയുമാണ് ആഗസ്തീനോസ് പുണ്യവാളനെ നമുക്കു ലഭിക്കാനിടയാക്കിയത്. നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനുശേഷമാണ് മിശിഹാ (രക്ഷകൻ) ഈ ലോകത്തിൽ വന്നുപിറന്നത്. മിശിഹാ കടന്നുവന്നപ്പോൾ ഇസ്രായേൽക്കാർ പ്രതീക്ഷിച്ചിരുന്ന മുഖം അല്ലാതിരുന്നതുകൊണ്ട് അവർക്കു തിരിച്ചറിയാൻ കഴിയാതെപോയി. നമ്മുടെ ജീവിതത്തിലും നാം പ്രതീക്ഷിക്കുന്ന വിധത്തിലായിരിക്കില്ല മിശിഹാ കടന്നുവരുന്നത്. രക്ഷകന്റെ വരവ് അനുസ്മരിക്കയും അതിനായി പ്രത്യേകം ഒരുങ്ങുകയും ചെയ്യുന്ന ഈ അവസരത്തിൽ നമുക്കും കാത്തിരിക്കാം. നമ്മുടെ ഹൃദയത്തിലേക്ക് അവിടുന്നു കടന്നുവരും എന്നു പ്രതീക്ഷിക്കാം. ജീവിതത്തിലേക്കു കടന്നുവരുന്ന രക്ഷകനെ തിരിച്ചറിയാൻ കഴിയാതെ പോകുന്ന ദുരവസ്ഥ നമ്മുടെ ജീവിതത്തിൽ ഉണ്ടാവാതിരിക്കാൻ പരിശ്രമിക്കാം. സക്രാരിയിൽ നമ്മെ നിത്യം കാത്തിരിക്കുന്ന ദിവ്യകാരുണ്യ ഈശോയെ നമുക്കു മറക്കാതിരിക്കാം. പരി. അമ്മയെപ്പോലെ പ്രാർത്ഥനയിൽ സ്ഥിരതയോടെ ആയിരുന്നുകൊണ്ട് ദൈവസ്നേഹത്തിൽ പൂർണ്ണത പ്രാപിക്കാൻ പരിശ്രമിച്ചുകൊണ്ട് നമുക്കും 'അവനെ' കാത്തിരിക്കാം.

*"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും"* (മത്താ 5,8).



# അതിലാളനമരുത്

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി,
കല്യാൺ രൂപത

മഹാരാഷ്ട്രയിലെ പൻവേൽ റെയിൽവേ സ്റ്റേഷനിൽനിന്ന് കേരളത്തിലേക്കു ഞാൻ യാത്ര ചെയ്യുകയായിരുന്നു. മലയാളികളുടെ പ്രിയപ്പെട്ട ട്രെയിനായ നേത്രാവതി എക്സ്പ്രസിൽ ആണ് യാത്ര. എന്റെ തൊട്ടപ്പുറത്തെ സീറ്റിൽ ഇരിക്കുന്നത് ചെറുപ്പക്കാരായ ദമ്പതികളും രണ്ടു കുട്ടികളും അടങ്ങുന്ന കുടുംബമാണ്. കുട്ടികളാണെങ്കിൽ സദാനേരവും കളിയോടുകളിയാണ്. തോന്നുമ്പോഴെല്ലാം അവർ മുകളിൽ കയറുകയും അപ്പോൾതന്നെ ഇറങ്ങുകയും ചെയ്യുന്നുണ്ട്. ചിലപ്പോൾ അങ്ങോട്ടുമി

ങ്ങോട്ടും ഓടും. പിന്നെ വന്ന് മൊബൈൽ ഫോൺ എടുത്ത് കളിക്കും. മമ്മിയുടെയും ഡാഡിയുടെയും മൊബൈൽ ഫോണുകൾ മാറി മാറി എടുത്ത് എന്തൊക്കെയോ ചെയ്യുന്നുണ്ടവർ. ഫോൺ കോൾ വന്നാൽപോലും സംസാരിക്കാനായി ഡാഡിക്കോ മമ്മിക്കോ അവർ കൊടുക്കുന്നില്ല. വാസ്തവത്തിൽ ആ കുട്ടികളുടെ പ്രധാന കളിപ്പാട്ടം ആ മൊബൈൽ ഫോണുകളാണെന്ന് എനിക്കു തോന്നി. ഞങ്ങൾ ഇരിക്കുന്ന ഭാഗത്താണ് എമർജൻസി ജനൽ ഉണ്ടായിരുന്നത്. ആരോ അത് തുറന്ന് വച്ചിട്ടുണ്ടായിരുന്നു. ഒരു ബെല്ലും ബ്രേയ്ക്കുമില്ലാതെ കുട്ടികൾ അതിലൂടെ ഇടയ്ക്ക് തലയിട്ട് പുറത്തേക്ക് നോക്കുന്നുണ്ട്. മുകളിലേക്ക് കയറുമ്പോഴും ഇറങ്ങുമ്പോഴും മറ്റാളുകളുടെ ദേഹത്ത് പലപ്പോഴും ചവിട്ടുന്നുമുണ്ട്. അവിടെയിരിക്കുന്നവർക്കെല്ലാം അവർ വളരെയധികം അസ്വസ്ഥതയുണ്ടാക്കുന്നുണ്ട്. എന്നാൽ അവരുടെ മാതാപിതാക്കൾ അതെല്ലാം കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച് നീണ്ട സംസാരത്തിലാണ്. എപ്പോഴോ കുട്ടികളുടെ കയ്യിലിരുന്ന ഫോൺ നിർത്താതെ ബെല്ലടിക്കാൻ തുടങ്ങി. ഡാഡി പല പ്രാവശ്യം ചോദിച്ചിട്ടും കുട്ടികൾ അയാൾക്ക് ഫോൺ കൊടുക്കാൻ കൂട്ടാക്കിയില്ല. ഇത്രയൊക്കെ ആയിട്ടും അവർ ആ കുട്ടികളെ ശാസിക്കുകയോ തെറ്റു തിരുത്തുവാൻ ശ്രമിക്കുകയോ ചെയ്തില്ല. ചായയുമായി വന്ന പാൻട്രിക്കാരൻ പയ്യൻ മറ്റൊരാൾക്ക് ചായ കൊടുക്കുന്നതിനിടയിൽ അതിൽ ഒരു കുട്ടിയുടെ അശ്രദ്ധമൂലം അത് തട്ടിമറിഞ്ഞ് നിലത്ത് വീണുപോയി. കുട്ടികളല്ലേ ചിലപ്പോൾ അങ്ങനെയൊക്കെ ഉണ്ടായെന്നു വരും എന്ന മട്ടിൽ ഡാഡിയും മമ്മിയും നിസ്സംഗരായി അങ്ങനെ ഇരുന്നു.

ട്രെയിൻ ഓരോ സ്റ്റേഷൻ പിന്നിട്ട് പോയ്ക്കൊണ്ടിരിക്കുമ്പോഴും ട്രെയിനിൽ കുട്ടികളുടെ പല തരത്തിലുള്ള വികൃതികൾ കൂടുതൽ ഉഷാറായി അരങ്ങേറിക്കൊണ്ടിരുന്നു. അവസാനം ട്രെയിൻ എറണാകുളം സ്റ്റേഷനെ സമീപിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അത് സംഭവിച്ചത്. മൂത്ത കുട്ടിയുടെ കയ്യിലുണ്ടായിരുന്ന മൊബൈൽ ഫോൺ എമർജൻസി ജനലിലൂടെ താഴെ ട്രാക്കിൽ വീണ് രണ്ട് കഷണമായി. അരിശംകൊണ്ട് വിളറിപിടിച്ച ഡാഡി കുട്ടിയുടെ തലക്കിട്ട് ഒരൊറ്റയടി. വേദന കൊണ്ടു പുളഞ്ഞ കുട്ടിയും വിട്ടില്ല. കൊടുത്തു ഡാഡിക്കിട്ട് ഒരു തള്ളും ഒരു അസ്സൽ ചവിട്ടും! തീരെ അപ്രതീക്ഷിതമായിരുന്നില്ലെങ്കിൽ പോലും ആ ആക്രമണത്തിൽ അയാൾ ഒന്നു വേച്ചുപോയി. എന്നാലും പാവം വീണില്ല!

പൻവേലിൽനിന്നും തുടങ്ങിയതാണ് ഈ കോലാഹലം എന്നോർക്കണം. രത്നഗിരിയിൽ വച്ച് കുട്ടികളെ അവർക്ക് ഒന്നു ശാസിക്കാമായിരുന്നു. അല്ലെങ്കിൽ പോകട്ടെ, ഗോവയിൽ വച്ച് ഒരു താക്കീത് ചെയ്യാമായിരുന്നു. ഷൊർണ്ണൂർ എത്തിയപ്പോഴെങ്കിലും ഒന്ന് കൊടുക്കാമായിരുന്നു. എന്തിനാണ് എറണാകുളം എത്തുന്നതുവരെ അവർ അതിനായി കാത്തുനിന്നത് എന്ന് മനസ്സിലാകുന്നില്ല. ഇതാണ് ഇന്നത്തെ തലമുറയ്ക്ക് സംഭവിക്കുന്നത്. ശാസിക്കേണ്ട സമയത്ത് ശാസിക്കാനും. കൊടുക്കേണ്ട സമയത്ത് കൊടുക്കാനും അവർ ശ്രമിക്കുന്നില്ല.

പ്രഭാഷകൻ ഓർമ്മിപ്പിക്കുന്നു. "നിന്റെ പുത്രൻമാരെ അച്ചടക്കത്തിൽ വളർത്തുക. ചെറുപ്പംമുതലേ അനുസരണം ശീലിപ്പിക്കുക. നിന്റെ പുത്രിമാർ ചാരിത്രവതികളായിരിക്കാൻ ശ്രദ്ധ പതിക്കുക. അതിലാളനമരുത്" (പ്രഭാ 7,23).

നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# കാലമാകാതെ കായ്ക്കുമോ?

അത്തിപ്പഴങ്ങളുടെ കാലമല്ലാതിരുന്നിട്ടും ഫലങ്ങൾ കാണാത്ത അത്തിവൃക്ഷത്തെ ഈശോ ഉണക്കിക്കളയുന്നതായി വി. മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ടല്ലോ. മാനുഷിക നീതിക്കുപോലും നിരക്കാത്ത പ്രവൃത്തിയല്ലേ അത്? മാത്യൂസ്, തെങ്ങണ

സുവിശേഷത്തിലെ ഈ പ്രതിപാദനം, യുക്തിരഹിതമാകയാൽ, ചരിത്രപരമല്ല എന്നാണ് പല പണ്ഡിതരും അഭിപ്രായപ്പെടുന്നത്. വിശന്നപ്പോൾ ഫലങ്ങൾ നല്കാത്തതിനാൽ അത്തിമരത്തെ ഈശോ ഉണക്കിക്കളഞ്ഞതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈശോ ഒരിക്കലും സ്വന്തം ആവശ്യങ്ങൾക്കായി അത്ഭുതം പ്രവർത്തിച്ചിട്ടില്ല. അവിടുത്തെ അത്ഭുതങ്ങളെല്ലാം മറ്റുള്ളവർക്കു നന്മ ചെയ്യുവാനും ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമെല്ലാം പ്രകടമാക്കുവാനുംവേണ്ടിയുള്ളവയായിരുന്നു. മാത്രമല്ല, സ്വന്തം ആവശ്യങ്ങൾക്കായി അത്ഭുതം പ്രകടിപ്പിക്കുന്നത് ഒരു പ്രലോഭനമായിട്ടാണ് അവിടുന്ന് കാണുന്നത്. ഈശോയുടെ പരസ്യജീവിതത്തിനു മുന്നോടിയായി പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന സന്ദർഭം അതു വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ അത്ഭുതങ്ങൾ എപ്പോഴും സ്നേഹത്തിൽ അധിഷ്ഠിതമാണ്. അതുകൊണ്ട് അത്തിമരത്തെ ശപിച്ചത് ഒരു സംഭവമായിരിക്കാൻ സാധ്യതയില്ല.

ഇതു നടന്നതാണെങ്കിൽത്തന്നെ ഇതിനെ 'പ്രവൃത്തിയിലൂടെയുള്ള ഉപമ'യായി പരിഗണിക്കാം. പലപ്പോഴും ഉപമകളിലൂടെ പഠിപ്പിച്ചിരുന്ന ഈശോ ഇവിടെ ഉപമ പറയുന്നതിനു പകരം പ്രവൃത്തി വഴി കാണിച്ചുകൊടുക്കുകയാണ്. പഴയനിയമത്തിലും പ്രവാചകന്മാർ പ്രവൃത്തികളിലൂടെ ജനങ്ങൾക്കു സന്ദേശം നല്കിയിരുന്നതായി കാണാം.

ഫലം തരാത്ത അത്തിവൃക്ഷം ഇസ്രായേൽക്കാരുടെ സ്ഥിതി സൂചിപ്പിക്കുന്നു. രക്ഷകനെ സ്വീകരിക്കാൻ നൂറ്റാണ്ടുകളായി കാത്തൊരുങ്ങിയ ഇസ്രായേൽ പക്ഷേ, രക്ഷകൻ വന്നപ്പോൾ അവിടുത്തെ സ്വീകരിക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടു: "അവിടുന്ന് സ്വന്തം ജനങ്ങളുടെയിടയിലേക്കു വന്നു. എന്നാൽ സ്വകീയർ അവിടുത്തെ സ്വീകരിച്ചില്ല" (യോഹ 1,11). തളിരിട്ടു നില്ക്കുന്ന ഇലക്കൊഴുപ്പുള്ള അത്തിമരത്തിനു സദൃശ്യമാണ് ഇസ്രായേൽ. മതാനുഷ്ഠാനങ്ങളിലും സാബത്താചരണത്തിലും ദൈവാലയസംവിധാനത്തിലുമൊക്കെ വളരെ മനോഹരമായ ബാഹ്യപ്രകടനമാണ് ഇസ്രായേൽ കാഴ്ചവച്ചത്. എന്നാൽ അവരുടെ ആചാരാനുഷ്ഠാനങ്ങൾ ആന്തരിക ചൈതന്യം ഉൾക്കൊണ്ടവയായിരുന്നില്ല. ദൈവജനത്തിനു യോഗ്യമാംവിധം ഇസ്രായേൽ പെരുമാറിയില്ല. ദൈവം അവരിലർപ്പിച്ച പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ അവർക്കു സാധിച്ചില്ല. അതിനാൽ അത്തിമരത്തെ ശപിച്ചുകൊണ്ട് ഈശോ അവർക്കു മുന്നറിയിപ്പു കൊടുക്കുകയാണ്. ഇന്നത്തെ ദൈവജനമായ സഭയ്ക്കുള്ള ഒരു മുന്നറിയിപ്പായും മർക്കോസ് സവിശേഷകന്റെ വിവരണത്തെ കരുതാവുന്നതാണ്.



**Laudato Si -3**

# പാർശ്വവത്കരിക്കപ്പെട്ടവരോട് പക്ഷംചേരുക

**ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.**
**റെക്ടർ, വിൻസെൻഷ്യൻ വിദ്യാഭവൻ, ആലുവ**

പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുവാനുള്ള ആഹ്വാനമാണ് ഫ്രാൻസിസ് മാർപാപ്പായുടെ Laudato si (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിൽ മുഴങ്ങിക്കേൾക്കുന്നതെങ്കിലും, ദരിദ്രരോട് പ്രത്യേകം പരിഗണന കാണിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുകാട്ടുന്നുണ്ട്. മനുഷ്യൻ ഒരു വസ്തുവല്ല, വ്യക്തിയാണ്. ഓരോ മനുഷ്യനും തനതായ തനിമയും വ്യക്തിത്വവുമുണ്ട്. മനുഷ്യനുള്ള ചിന്താശക്തി, വാദഗതികൾ അവതരിപ്പിക്കാനുള്ള കഴിവ്, മറ്റ് മനുഷ്യരോടും ദൈവത്തോടും സംഭാഷണത്തിലേർപ്പെടുവാനുള്ള ശേഷി, നൂതന കണ്ടുപിടുത്തങ്ങൾക്കുള്ള പ്രതിഭ, കലാവൈഭവം, ഇനിയും കണ്ടുപിടുത്തങ്ങൾ നടത്താനുള്ള ബുദ്ധി എന്നിവയൊക്കെ മനുഷ്യമഹത്ത്വത്തെ വിളിച്ചോതുന്നു.

ആധുനികലോകത്തിൽ സാഹോദര്യം, നീതി, സ്നേഹം, സ്വരുമ, സമാധാനം എന്നിവ പലപ്പോഴും അവമതിക്കപ്പെടുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ(might is right) എന്ന കാഴ്ചപ്പാട്

വലിയൊരു വിഭാഗം ജനങ്ങളെയും അസമത്വ ങ്ങൾക്കും അനീതികൾക്കും അതിക്രമങ്ങൾക്കും ഇരയാക്കിതീർത്തിരിക്കുന്നു. പരിസ്ഥിതിയുടെ അധഃപതനവും മനുഷ്യന്റെ ധാർമ്മികച്ച്യുതിയും അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു. പാരിസ്ഥിതി തകർച്ച ലോകത്തിലെ ഏറ്റവും ദരിദ്രരുടെ ജീവി തങ്ങൾക്കുമേലാണ് ദാരുണമായ പ്രത്യാഘാത ങ്ങൾ ഉണ്ടാക്കുന്നത്.

പരിധിവിട്ട ഉപഭോഗതൃഷ്ണയെ മറച്ചു വെച്ചുള്ള കപടവും ഉപരിപ്ലവുമായ പരിസ്ഥിതി ശാസ്ത്രം ദരിദ്രരെയും പ്രകൃതിയെയും രക്ഷിക്കു കയില്ല. ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതി നെപ്പറ്റി പലരും ചിന്തിക്കുന്നുണ്ടെങ്കിലും അവരുടെ ഭാഗത്തുള്ള ആത്മാർത്ഥതക്കുറവിനെ ഫ്രാൻ സിസ് മാർപാപ്പാ ഉദാഹരണസഹിതം ചൂണ്ടിക്കാ ണിക്കുന്നുണ്ട്. ലോകത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങളുടെ മൂന്നിലൊന്നും പാഴാക്ക പ്പെടുകയാണ്. ചില സമ്പന്ന രാജ്യങ്ങളുടെ വൻ ഉപഭോഗത്തിന്റെ ഫലമാണ് ആഗോളതാപനം എന്ന വസ്തുത അവർ മറച്ചുവയ്ക്കുന്നു. പരിസ്ഥി തിക്കു വിനാശകരമാകുന്ന എയർകണ്ടീഷന്റെ ഉപ യോഗത്തിൽ വൻവർദ്ധനവാണ് ഉണ്ടായിക്കൊണ്ടി രിക്കുന്നത്. സമ്പദ് വ്യവസ്ഥയും സാങ്കേതികവി ദ്യയും തമ്മിലും, അന്താരാഷ്ട്ര കമ്പനികളും വിക സിതരാജ്യങ്ങളും തമ്മിലും, രാഷ്ട്രീയ ശക്തികളും അധികാരകേന്ദ്രങ്ങളും തമ്മിലും നിലനിൽക്കുന്ന അവിശുദ്ധ കൂട്ടുകെട്ട് ദരിദ്രരെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

നഗരത്തിന്റെ സുഭിക്ഷിതയിലും സുഖപ്രദ മായ സ്ഥാനങ്ങളിലും കഴിയുന്ന ഹരിതഭാഷണ ക്കാരും, ദരിദ്രരുടെ പ്രശ്നങ്ങളുമായി നേരിട്ടു സമ്പർക്കമില്ലാത്ത വിദഗ്ധർ, അഭിപ്രായരൂപീകര ണക്കാർ, വാർത്താമാധ്യമങ്ങൾ, അധികാരകേന്ദ്ര ങ്ങൾ തുടങ്ങിയവരും തങ്ങളുടെ പരിസ്ഥിതി ശാസ്ത്ര സമീപനം ഒരു സാമൂഹിക സമീപന മാക്കി മാറ്റണം. "ഭൂമിയുടെ നിലവിളിയോടൊപ്പം ദരിദ്രരുടെ നിലവിളിയും കേൾക്കാനിടയാകുംവിധം അത് പരിസ്ഥിതി സംവാദങ്ങളിൽ ഉൾച്ചേർക്കണം" (LS. 49). ചെറുകിട മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും മറ്റ് പാർശ്വവത്കരിക്ക പ്പെട്ടവരുടെയും പ്രശ്നങ്ങൾ ചർച്ചകളിൽ മുഖ്യ അജണ്ടയുടെ ഭാഗമാകണം". "ദരിദ്രരുടെ പ്രദേ ശങ്ങൾ വിഭവസമൃദ്ധവും മലിനീകരണം ഏറ്റവും കുറഞ്ഞതുമാണ്" (LS. 52) എന്ന കാര്യം സമ്പന്ന രാഷ്ട്രങ്ങൾ മറന്നുകൂടാ.

ധനികർക്കും ദരിദ്രർക്കും ഒരേ മഹിമയാണു ള്ളത്. ദൈവം ലോകത്തെ എല്ലാവർക്കുമായിട്ടാണ് സൃഷ്ടിച്ചത്. അതിനാൽ "പരിസ്ഥിതി ശാസ്ത്രപ രമായ ഏതു സമീപനവും ദരിദ്രരുടെയും ഹതഭാ ഗ്യരുടെയും മൗലികാവകാശങ്ങളെ കണക്കിലെടു ക്കുന്ന സാമൂഹിക കാഴ്ചപ്പാട് നിർബന്ധമായും ഉൾക്കൊള്ളണം" (LS. 93) എന്നാണ് മാർപാപ്പാ ആവശ്യപ്പെടുന്നത്. പരാഗ്വേയിലെ മെത്രാൻമാരെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നു: "ഓരോ കൃഷീവലനും തനിക്കൊരു വീടു വയ്ക്കു വാനും തന്റെ കുടുംബത്തെ ജോലി ചെയ്തു പോറ്റാനും സുരക്ഷിതജീവിതം നയിക്കാനും ആവ ശ്യമായത്ര ഭൂമി ലഭിക്കുവാൻ സ്വാഭാവികാവകാ ശമുണ്ട്" (LS. 94). അതിനാൽ ലോകജനതയുടെ 20% മാത്രം വരുന്ന ആളുകൾ ചേർന്ന് ദരിദ്രർക്കാ വശ്യമുള്ളത് കൊള്ളയടിക്കുന്ന രീതിയിലുള്ള ഉപ ഭോഗം തുടരാനാവില്ല.

മനുഷ്യാവകാശങ്ങളെ മാനിക്കുകയും വളർത്തുകയും ചെയ്യാത്ത വികസനം മനുഷ്യോ ചിതമല്ല. പാർശ്വവത്കരിക്കപ്പെട്ട സഹോദരരോട് ആർദ്രതയും സഹാനുഭൂതിയും കരുണയും ഇല്ലെ ങ്കിൽ പ്രകൃതിയോട് നമുക്കുണ്ട് എന്നു ഭാവിക്കുന്ന ആഴമേറിയ കൂട്ടായ്മ വാസ്തവമായിരിക്കില്ല. "പരി സ്ഥിതിപ്രേമം സഹമനുഷ്യരോടുള്ള ആത്മാർത്ഥ സ്നേഹത്തോടും സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധ തയോടും കലരണം" (LS. 91). "മനുഷ്യപരി സ്ഥിതി ആദരിക്കപ്പെടുന്ന സമൂഹത്തിൽ പ്രകൃതി സംബന്ധമായ പരിസ്ഥിതിയും മാനിക്കപ്പെടും" എന്ന ബനഡിക്ട് മാർപാപ്പായുടെ വാക്കുകൾ (സത്യത്തിൽ സ്നേഹം, No. 51) നമുക്ക് ഓർമ്മ യിൽ സൂക്ഷിക്കാം. അതിനാൽ നമ്മുടെ പൊതുഭ വനമായ ഭൂമിയെ സംരക്ഷിക്കുന്നതോടൊപ്പം പാർശ്വവത്കരിക്കപ്പെട്ടവരുടെ പരിദേവനങ്ങളും നമ്മുടെ കാതുകളിൽ മാറ്റൊലിക്കൊള്ളട്ടെ.









# പുതിയ മനുഷ്യനാവാം – ഇന്നുതന്നെ!

**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

രണ്ടു സ്ത്രീകൾ എന്നും രാവിലെ ചന്തയിൽ കച്ചവടത്തിനായി വന്നിരുന്നു. ഒരു സ്ത്രീ ഉണക്കമീനും മറ്റേ സ്ത്രീ മുല്ലപ്പൂവുമായിരുന്നു വിറ്റിരുന്നത്. എന്നും ചന്തയിൽ വച്ച് കണ്ടുമുട്ടുകയും സംസാരിക്കുകയും ചെയ്തു ചെയ്ത് അവർ കൂട്ടുകാരായിത്തീർന്നു. ഒരിക്കൽ കച്ചവടം കഴിഞ്ഞപ്പോൾ സമയം വളരെ വൈകി. ഉണക്കമീൻ കച്ചവടക്കാരിക്കു ബസ്സ്യാത്ര ചെയ്തുവേണം പോകാൻ. വിഷമിച്ചു നിന്ന അവളോട് മുല്ലപ്പൂകച്ചവടക്കാരി പറഞ്ഞു: "വിഷമിക്കേണ്ട, ഇന്ന് എന്റെ വീട്ടിൽ താമസിച്ചിട്ട് നാളെ പോകാം". അങ്ങനെ രണ്ടു സ്ത്രീകളുംകൂടി മുല്ലപ്പൂ കച്ചവടക്കാരിയുടെ വീട്ടിൽ വന്നു. അത്താഴം കഴിച്ച് ഉണക്കമീൻ കച്ചവടക്കാരി ഉറങ്ങാൻ കിടന്നു. പക്ഷേ പരിസരമാകെയുണ്ടായിരുന്ന മുല്ലപ്പൂവിന്റെ സുഗന്ധം ആസ്വദിച്ച് അവൾക്കു ഉറങ്ങാൻ സാധിച്ചില്ല. ആ നല്ല മണം അവൾക്ക് അസഹ്യമായപ്പോൾ അവൾ മുറി തുറന്ന് ഇറങ്ങി. പുറത്തിരുന്ന ഉണക്കമീൻ കുട്ട തന്റെ കട്ടിലിന്റെ അടുത്തുകൊണ്ടുവന്നു വച്ചു. അവൾ ശീലിച്ച മണം അടുത്തെത്തിയപ്പോൾ അവൾക്ക് ഉറങ്ങാൻ കഴിഞ്ഞു.

മനുഷ്യർ പലപ്പോഴും പഴയ ശീലങ്ങളിൽ നിന്നും ഇതുവരെ നാം പരിചയിച്ചവയിൽനിന്നും, തിരിച്ചുവരാൻ മടിക്കുന്നവരാണ്. ഇനി എനിക്കു രക്ഷയില്ല, ഞാൻ നശിച്ചു, എന്റെ ജീവിതം നിഷ്ഫലമായി എന്ന ഗതി വരുന്നതുവരെ അവൻ തെറ്റായ വഴികൾ പിൻതുടരുന്നു. ഒടുവിൽ രക്ഷപെടാനാവാത്തവിധം നശിക്കുമ്പോൾ അവൻ കണ്ണു തുറക്കുന്നു. എന്തു ഫലം! നന്നാകാനുള്ള – മാനസാന്തരപ്പെടാനുള്ള എത്രയോ നല്ല അവസരങ്ങൾ ലഭിച്ചാലും അല്പസ്മയത്തിനുശേഷം പിന്നെയും പഴയ ശീലങ്ങൾ അവൻ തുടരുന്നു. ഇടവകയിൽ നടത്തുന്ന ക്ലാസ്സുകളിലൂടെ, കൺവെൻഷനിലൂടെ, സുവിശേഷപ്രസംഗങ്ങളിലൂടെ, കൂട്ടായ്മകളിലൂടെ ഇങ്ങനെ അനവധി അവസരങ്ങളിലൂടെ ദൈവവചനംവഴി ദൈവം നമ്മെ മാനസാന്തരത്തിനായി ക്ഷണിക്കുന്നു. പക്ഷേ മദ്യപനു മദ്യപിക്കാതിരിക്കാൻ, ദുഷ്ടനു ദുഷ്കർമ്മത്തിൽ നിന്നു പിന്മാറാൻ, അപവാദം പറയുന്നവർക്കു തങ്ങളുടെ നാവിനെ നിയന്ത്രിക്കാൻ, അത്യാഗ്രഹിക്കും, ധനമോഹികൾക്കും ലൗകികാസക്തർക്കും



അതിൽനിന്നു പിന്മാറാൻ, ശത്രുവിനോടു ക്ഷമിക്കാൻ, ദൈവദൂഷകർക്കു തന്റെ തിന്മ ഉപേക്ഷിക്കുവാൻ പ്രയാസമാണ്. ഭൗതികനേട്ടങ്ങൾക്കും സുഖലോലുപതയ്ക്കുംവേണ്ടി പരക്കംപായുന്ന ഇന്നത്തെ തലമുറയ്ക്ക് ശിക്ഷണങ്ങളും തിരുത്തലുകളും ദുർവഹമാണ്.

പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നും രൂപംകൊണ്ട ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെട്ട് യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്താൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ........നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ" (എഫേ 4,22-24). പറുദീസായിൽ പതിയിരുന്ന് ആദിപിതാക്കാന്മാരെ പ്രലോഭിപ്പിച്ച് ദൈവകല്പന ലംഘിക്കാൻ പ്രേരിപ്പിച്ച സാത്താൻ ഇന്നും നന്മയുടെ രൂപത്തിൽ മോഹനവാഗ്ദാനങ്ങളാകുന്ന കുടിലതന്ത്രങ്ങളുപയോഗിച്ച് നമ്മെ പാപത്തിന്റെ കെണിയിൽ വീഴ്ത്താൻ നമ്മുടെ ഇടയിൽ ഓടിനടക്കുന്നു. മാനസാന്തരം നാളെയാവാം എന്നു ചിന്തിപ്പിക്കുന്നു. പ്രഭാഷകനിലൂടെ കർത്താവു അരുളിച്ചെയ്യുന്നു: "മകനേ, നീ പാപം ചെയ്തിട്ടുണ്ടോ? ഇനി ചെയ്യരുത്. പഴയ പാപങ്ങളിൽ നിന്നുള്ള മോചനത്തിനായി പ്രാർത്ഥിക്കുക. സർപ്പത്തിൽ നിന്നെന്നപോലെ പാപത്തിൽ നിന്നോടിയകലുക" (പ്രഭാ 21,1-2).

"നിദ്രവിട്ട് ഇപ്പോൾ ഉണരുക" എന്ന് പൗലോസ് ശ്ലീഹാ പറയുന്നു. സാത്താൻ പിന്നെയാവട്ടെ എന്നു പ്രലോഭിപ്പിക്കുമ്പോൾ അതിനു വശംവദരാകാതെ പരിശുദ്ധാത്മാവു നല്ല പ്രചോദനം തരുന്ന നിമിഷത്തിൽതന്നെ നാം തീരുമാനമെടുക്കണം. "കർത്താവിന്റെ കാരുണ്യം നിസ്സീമമാണ്. കർത്താവിലേക്കു തിരിയാൻ വൈകരുതേ, നാളെ നാളെ എന്നു നീട്ടിവയ്ക്കുകയുമരുത്" (പ്രഭാ 5,7). ഏശയ്യാ പ്രവാചകനിലൂടെ കർത്താവു പറയുന്നു: "വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ രക്തവർണമെങ്കിലും കമ്പിളിപോലെ വെളുക്കും. അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും. അനുസരിക്കാതെ ധിക്കാരം തുടർന്നാൽ വാളിനിരയാകും" (ഏശ 1, 18-20).

"കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ. അവിടുന്ന് അരികെയുള്ളപ്പോൾ അവിടുത്തെ വിളിക്കുവിൻ. ദുഷ്ടൻ തന്റെ മാർഗ്ഗവും അധർമ്മി തന്റെ ചിന്താഗതികളും ഉപേക്ഷിക്കട്ടെ. അവിടുത്തെ കരുണ ലഭിക്കുന്നതിന് അവൻ കർത്താവിലേക്കു തിരിയട്ടെ" (ഏശ 55,6-7). എത്ര വലിയ പാപം നാം ചെയ്തിട്ടുണ്ടെങ്കിലും കർത്താവിന്റെ കരുണ അതിനെക്കാൾ വലുതാണ്. പശ്ചാത്തപിച്ചു തന്റെ അടുത്തു വരുന്ന പാപിയെ അവിടുന്ന് രണ്ടുകൈയും നീട്ടി സ്വീകരിക്കുന്നു. ദുഃഖിപ്പിക്കുന്ന ഭൂതകാലസ്മരണകൾ വിസ്മരിക്കുക. ഇന്നു മുതൽ പുതിയ ജീവിതം ആരംഭിക്കുക. ഇന്നാണ് രക്ഷയുടെ ദിനം. അതുകൊണ്ട് ഇനി നമ്മുടെ ദിനങ്ങൾ നല്ല ദിനമായിരിക്കാൻ നഷ്ടപ്പെടുത്തിയ പിതാവിന്റെ സ്നേഹത്തിലേക്ക് ധൂർത്തപുത്രനെപ്പോലെ, സമരിയാക്കാരി സ്ത്രീയെപ്പോലെ തിരിച്ചുവരാൻ ആരാധനാവത്സരത്തിന്റെ തുടക്കത്തിൽത്തന്നെയുള്ള നോമ്പുകാലം നമ്മെ മാടിവിളിക്കുന്നു.




**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**




# സമർപ്പിതർ : പരിശുദ്ധ അമ്മയെ ജീവിതമാതൃകയാക്കേണ്ടവർ

**പ്രിൻസി മൈലാടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

“എനിക്കു പരിചയമുള്ള കന്യാസ്ത്രീകളൊക്കെ സദാ ആനന്ദത്തിന്റെ മണവാട്ടികളായിരുന്നു. മരിക്കുംവരെ മണവാട്ടികൾ” (ജി. കെ. ചെസ്റ്റർട്ടൻ)

“നിങ്ങളോട് ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. ആനന്ദം. സമർപ്പിതർ ഉള്ള ഇടങ്ങളിലൊക്കെ എപ്പോഴും ആനന്ദമുണ്ട്” (ഫ്രാൻസിസ് മാർപാപ്പാ)

സന്ന്യാസം വലിയ നിധി മറഞ്ഞിരിക്കുന്ന വയലാണ്. ഇത് കണ്ടെത്തുന്നവർ, സ്വന്തമാക്കുന്നവർ സന്തോഷചിത്തരാകും. ഈ വലിയ നിധി ഈശോയാണ്. ഈശോയെ അനുഗമിക്കുന്നതിൽനിന്നുണ്ടാകുന്ന സന്തോഷമാണ് ഈ ആനന്ദം. ഇത് പരിശുദ്ധാത്മാവ് നൽകുന്ന സന്തോഷമാണ്; ലോകം നൽകുന്നതല്ല.

മാതാവാണ് സമർപ്പണത്തിന്റെ ഏറ്റവും വലിയ സാക്ഷി. കൃപാസമൃദ്ധിയിലൂടെ സന്തോഷത്തെ അനുഭവിച്ചറിഞ്ഞവൾ! പരി. അമ്മ പറഞ്ഞു: “എന്റെ അരൂപി എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു”. ദൈവം തന്നിൽ നിർവ്വഹിക്കാനാഗ്രഹിക്കുന്ന, ദൈവമാതാവെന്ന വലിയ സ്ഥാനത്തെ ദൈവപദ്ധതിയായിക്കണ്ട് സന്തോഷിക്കുന്ന പരി. അമ്മ. കണ്ടുമുട്ടുന്നവർക്കെല്ലാം സ്നേഹം പകരാൻ – സ്നേഹ ശുശ്രൂഷ നൽകാൻ – തിടുക്കത്തിൽ യാത്രയാകുന്ന പരി. അമ്മ. തന്റെ പ്രിയപുത്രനെ എല്ലാവരും ഉപേക്ഷിച്ചപ്പോഴും – കുരിശിൽ തനിച്ചാക്കിയപ്പോഴും – മാനുഷികമായ ചിന്തകൾ കൂടാതെ നിറകണ്ണുകളോടെ ഈശോയെ നോക്കിനിന്ന വ്യാകുലമാതാവ്! തന്റെ വേദനകളുടെ നടുവിലും ഉത്ഥാനം നൽകുന്ന പ്രത്യാശയിൽ കണ്ണു നട്ടിരിക്കുന്ന പരി. അമ്മ! സഹനത്തിലൂടെ മഹത്ത്വത്തിലേക്ക് പ്രവേശിച്ചവൾ – പരി. കന്യകാമറിയം.

സമർപ്പിതരായ നമുക്കും പരി. അമ്മയെ മാതൃകയാക്കാം. ജീവിതാനുഭവങ്ങളെ ദൈവാനുഭവങ്ങളാക്കാം. ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: “ഹൃദയത്തിന്റെ വക്കോളം ആനന്ദം നിറയ്ക്കുവാൻ ദൈവത്തിന് കഴിയും”. ദൈവത്തിൽ ശരണംവച്ച്, പരിശുദ്ധ അമ്മയുടെ ഓരം ചേർന്ന് യഥാർത്ഥ ആനന്ദം ജീവിക്കുവാനും, പകരുവാനും എല്ലാ സമർപ്പിതർക്കും സാധിക്കട്ടെ.




# കാരുണ്യത്തിന്റെ വിശുദ്ധവർഷം

**ബ്ലെസി ചേക്കയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

## 'ഏവർക്കും ദണ്ഡവിമോചനത്തിനുള്ള സുവർണ്ണ സമയം'

എല്ലാ വിശ്വാസികൾക്കും, ദൈവകരുണയുടെ കണ്ടുമുട്ടലിന്റെ ഒരു സുവർണ്ണ സമയമാകത്തക്കവിധം കരുണയുടെ അസാധാരണമായ വിശുദ്ധ ജൂബിലിവർഷം പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെയാണ് കരുണയുടെ ഈ വിശുദ്ധ വർഷാചരണത്തിന്റെ കാലയളവായി നിശ്ചയിച്ചിരിക്കുന്നത്. വിശ്വാസികളായി തീർത്ഥാടനം ചെയ്യുന്നവർക്കു മാത്രമല്ല, രോഗികളും, വൃദ്ധരുമായവർ, തടവറയിൽ കഴിയുന്നവർ, ഗർഭഛിദ്രം എന്ന പാപംമൂലം ദൈവകരുണയിൽ നിന്നകന്നുപോയവർ തുടങ്ങിയവർക്കെല്ലാം ദണ്ഡവിമോചനത്തിനുള്ള അവസരം എപ്രകാരം നിശ്ചയിച്ചിരിക്കുന്നു എന്നെല്ലാം നവസുവിശേഷവൽക്കരണത്തിന്റെ പ്രോത്സാഹനത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ് ആർച്ചുബിഷപ്പ് സാൽവത്തോരെ ഫിസിചെല്ലായ്ക്ക് അയച്ച ലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ വ്യക്തമായി പ്രതിപാദിക്കുന്നു. അതിലെ ചില പ്രസക്ത ഭാഗങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കട്ടെ.

ദൈവകാരുണ്യത്തിന്റെ യഥാർത്ഥമായ ഒരനുഭവം എന്ന നിലയിൽ, ജൂബിലി ദണ്ഡവിമോചനം ഓരോരുത്തരിലും എത്തിച്ചേരണമെന്ന് പാപ്പാ ആഗ്രഹിക്കുന്നു. ഏറ്റവും ആദ്യമായി തീർത്ഥാടകർക്കു ലഭിക്കുന്ന ദണ്ഡവിമോചനത്തെക്കുറിച്ച് പാപ്പാ പരാമർശിക്കുന്നു. യഥാർത്ഥമായ മാനസാന്തരത്തിനുള്ള അഗാധമായ ഒരാഗ്രഹത്തിന്റെ അടയാളം എന്ന നിലയിൽ, എല്ലാ കത്തീഡ്രലുകളിലും, രൂപതയിലെ മെത്രാൻ നിശ്ചയിച്ചിട്ടുള്ള ദൈവാലയങ്ങളിലും റോമിലെ നാല് പേപ്പൽ ബസ്സിലിക്കാകളിലും ഹ്രസ്വമായ ഒരു തീർത്ഥാടനം നടത്തുവാൻ വിശ്വാസികൾ വിളിക്കപ്പെടുന്നു. പുണ്യസങ്കേതങ്ങളിലും, പരമ്പരാഗതമായി ജൂബിലി ദൈവാലയങ്ങൾ എന്നംഗീകരിക്കപ്പെട്ടിട്ടുള്ള ദൈവാലയങ്ങളിലും ദണ്ഡവിമോചനം പ്രാപിക്കാമെന്ന് പാപ്പാ നിശ്ചയിച്ചിരിക്കുന്നു. പ്രഥമവും പ്രധാനവുമായ ഈ സമയത്തെ കാരുണ്യത്തിന്റെ ഒരു വിചിന്തനത്തോടുകൂടി, അനുരഞ്ജന കൂദാശയോടും പരിശുദ്ധ കുർബാനയർപ്പണത്തോടും ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഈ തിരുക്കർമ്മങ്ങളോടൊത്ത് വിശ്വാസപ്രഖ്യാ




പനം നടത്തുകയും സഭയുടെയും സമസ്ത ലോകത്തിന്റെയും നന്മയ്ക്കുവേണ്ടിയും പാപ്പായുടെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യണം.

രണ്ടാമതായി രോഗത്തിന്റെയും വാർദ്ധക്യത്തിന്റേതുമായ വിവിധ കാരണങ്ങൾകൊണ്ട് വിശുദ്ധ വാതിലിൽ പ്രവേശിക്കുവാൻ സാധിക്കാതെ ഭവനത്തിൽതന്നെ കഴിയേണ്ടി വരുന്നവരെ പ്രത്യേകം പാപ്പാ അനുസ്മരിക്കുന്നു. രോഗത്തിന്റെയും സഹനത്തിന്റേതുമായ പരീക്ഷണ സമയത്ത്, പീഡാനുഭവ മരണ ഉത്ഥാനങ്ങളിലെല്ലാം നമ്മുടെ മാതൃകയായ ഈശോയിൽ ദൃഷ്ടി ഉറപ്പിച്ച് വിശ്വാസത്തോടും ആനന്ദഭരിതമായ പ്രത്യാശയോടും കൂടെ ജീവിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക, വിവിധ ആശയവിനിമയ മാദ്ധ്യമങ്ങളിലൂടെയാണെങ്കിൽപോലും ദിവ്യബലിയിലും സമൂഹപ്രാർത്ഥനയിലും സംബന്ധിക്കുക എന്നിവ അവരെ സംബന്ധിച്ചിടത്തോളം ജൂബിലിയുടെ ദണ്ഡവിമോചനം ലഭിക്കാനുള്ള മാർഗ്ഗങ്ങളായിരിക്കും എന്ന് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു.

മൂന്നാമതായി ഫ്രാൻസിസ് പാപ്പാ ശ്രദ്ധ ചെലുത്തുന്നത് തങ്ങളുടെ സ്വാതന്ത്ര്യം പരിമിതമാക്കപ്പെട്ട തടവുകാരിലേക്കാണ്. ശിക്ഷ അർഹിക്കുന്നുണ്ടെങ്കിലും തങ്ങൾ ചെയ്ത അനീതിയെക്കുറിച്ച് ബോധവാൻമാരായി തീരുകയും സമൂഹത്തിൽ വീണ്ടും പ്രവേശിച്ച് തങ്ങളുടെ സത്യസന്ധമായ സംഭാവന നല്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരുൾപ്പെടെയുള്ളവരെ ഉദ്ദേശിച്ചാണിത്. തന്റെ ക്ഷമ ഏറ്റവുമധികം ആവശ്യമുള്ളവർക്ക്, സമീപസ്ഥനാകാൻ ആഗ്രഹിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യത്താൽ അവരെല്ലാവരും സ്പർശിക്കപ്പെടട്ടെ എന്ന് പാപ്പാ ആഗ്രഹിക്കുന്നു. തടവറകളിലെ ചാപ്പലുകളിൽ അവർക്ക് ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. തടവറയുടെ പടിവാതിൽ അവർ ഓരോ പ്രാവശ്യം കടക്കുമ്പോഴും അവരുടെ ചിന്തയും പ്രാർത്ഥനയും സ്വർഗ്ഗസ്ഥനായ പിതാവിലേക്ക് തിരിച്ചു വിട്ടുകൊണ്ട്, വിശുദ്ധ വാതിൽ കടക്കുന്നതിന്റെ ഒരടയാളമായി അത് കാണാവുന്നതാണ്. എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം ഹൃദയങ്ങളെ പരിവർത്തനം ചെയ്യുന്നതും, ജയിലഴികളെ സ്വാതന്ത്ര്യത്തിന്റെ ഒരനുഭവമാക്കി മാറ്റുന്നതുമാണ്.

നാലാമതായി ഫ്രാൻസിസ് പാപ്പാ പ്രസ്താവിക്കുന്നത് ഈ ജൂബിലിവർഷം ദണ്ഡവിമോചനം മരിച്ചവർക്കും ലഭ്യമാക്കാം എന്നതാണ്. അവർ നമുക്കു നൽകിയ വിശ്വാസത്തിന്റെയും ഉപവിയുടെയും സാക്ഷ്യത്താൽ നാം അവരോട് ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ പരി. കുർബാനയിൽ നാം അവരെ അനുസ്മരിക്കുമ്പോൾ പിതാവിന്റെ ദയാപൂർണ്ണമായ തിരുമുഖം പാപത്തിന്റെ എല്ലാ ശേഷിപ്പുകളിൽനിന്നും അവരെ മോചിപ്പിക്കുവാനും അവസാനിക്കാത്ത സൗഭാഗ്യത്തിൽ അവരെ ശക്തമായി ആലിംഗനം ചെയ്യാനുംവേണ്ടി, വിശുദ്ധരുടെ കൂട്ടായ്മ എന്ന മഹാരഹസ്യത്തിൽ നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയും.

അഞ്ചാമതായി കരുണയുടെ ഈ ജൂബിലി വർഷത്തിൽ പാപ്പായുടെ ശ്രദ്ധ തിരിയുന്നത് ഗർഭഛിദ്രം നടത്തിയ എല്ലാ സ്ത്രീകളിലേക്കുമാണ്. അതീവ ദുഃഖകരവും വേദനാപൂർണ്ണവുമായ ഈ തീരുമാനത്തിന്റെ മുറിപ്പാട് സ്വന്തം ഹൃദയത്തിൽ പേറുന്ന അനേകം സ്ത്രീകളെ താൻ കണ്ടിട്ടുണ്ട് എന്നത് പാപ്പാ അനുസ്മരിക്കുന്നു. പശ്ചാത്തപിക്കുന്ന ഒരാൾക്ക് ദൈവത്തിന്റെ ക്ഷമ നിഷേധിക്കുവാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് ആ വ്യക്തി സ്വർഗ്ഗീയപിതാവുമായി രമ്യപ്പെടാൻവേണ്ടി ആത്മാർത്ഥമായ ഒരു ഹൃദയത്തോടുകൂടി കുമ്പസാരം എന്ന കൂദാശയെ സമീപിക്കുമ്പോൾ. ഈ കാരണത്താൽ ഗർഭഛിദ്രം എന്ന പാപം ചെയ്തവരും, അനുതപിക്കുന്ന ഹൃദയത്തോടുകൂടി അതിന് ക്ഷമ തേടുന്നവരുമായ വ്യക്തികൾക്ക് പാപമോചനം നൽകുവാനുള്ള വിവേചനാധികാരം, എല്ലാ വൈദികർക്കും, ഈ ജൂബിലിവർഷം നൽകുവാൻ പാപ്പാ തീരുമാനിച്ചിരിക്കുന്നു. എപ്രകാരമാണ് വൈദികർ തങ്ങളുടെ ഈ വലിയ ചുമതല നിർവ്വഹിക്കേണ്ടതെന്നും തന്റെ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ഈ അസാധാരണ ജൂബിലിവർഷത്തിനുള്ള ഒരുക്കങ്ങൾ കാരുണ്യമാതാവിന്റെ സംരക്ഷണത്തിനും മദ്ധ്യസ്ഥതയ്ക്കുമായി പരിശുദ്ധ പിതാവ് ഭരമേൽപ്പിക്കുന്നു. നമുക്കും പ്രാർത്ഥനാപൂർവം ഒരുങ്ങി ഈ വിശുദ്ധ വത്സരത്തിലേക്ക് പ്രവേശിക്കാം.

# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഒരു പുതിയ ആരാധനാവത്സരം ആരംഭിക്കുകയാണല്ലോ. ഈ പുതുവത്സരത്തിൽ മംഗളവാർത്ത ക്കാലത്തേക്കു നാം പ്രവേശിക്കുമ്പോൾ, നമ്മുടെ അമ്മ പരിശുദ്ധ കന്യകാമറിയത്തിനു ലഭിച്ച മംഗള കരമായ വാർത്തയാണ് നമ്മുടെ ഓർമ്മയിൽ കടന്നുവരുന്നത്. “ദൈവകൃപ നിറഞ്ഞവളേ, സന്തോഷി ച്ചാലും” (ലൂക്കാ 1,26) എന്ന അഭിവാദനവുമായി ദൈവം അവളുടെ ജീവിതത്തിലേക്കു കടന്നുവന്ന നിമിഷങ്ങൾ മറിയത്തിന് ഒരിക്കലും മറക്കാനാവാത്തതായിരുന്നു. ദൈവത്തിന്റെ കരുണ നിറഞ്ഞ സ്നേഹത്തിന് താൻ പാത്രീഭൂതയായി എന്ന അനുഭവമാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവി തത്തെ ധന്യമാക്കിയത്; സന്തോഷഭരിതമാക്കിയത്. സുഖദുഃഖസമ്മിശ്രമായ ജീവിതത്തിലുടനീളം സമാ ധാനവും സന്തോഷവുമനുഭവിക്കുവാൻ അവൾക്കു സാധിച്ചത് ദൈവകൃപയുടെ നിറവിന്റെ പശ്ചാത്ത ലത്തിലാണ്. “എന്റെ അരൂപി എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു” (ലൂക്കാ 1,47) എന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കുവാൻ അവളെ പ്രേരിപ്പിച്ചതും ദൈവകൃപയുടെ ഈ അനുഭവമാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നതും ഈ ദൈവകൃപതന്നെയാണ്. പാപി കളായ നമ്മെ പരിശുദ്ധരും പരിശുദ്ധിയുടെ പ്രേഷിതരുമാക്കുന്നത് ഈ ദൈവകൃപതന്നെയാണ്. ഈ ദൈവകൃപ നമുക്കും നിരന്തരമായ ഒരു മംഗളവാർത്തയായി മാറണം. ഏതെല്ലാം ജീവിതാനുഭവങ്ങളി ലൂടെ കടന്നുപോകേണ്ടിവന്നാലും സമാധാനത്തോടും സന്തോഷത്തോടുംകൂടെ ജീവിക്കുവാൻ ദൈവ കൃപയുടെ ഈ മംഗളകരമായ വാർത്ത നമുക്കു പ്രചോദനമാകട്ടെ! നമ്മുടെ അജപാലനശുശ്രൂഷ ലഭിക്കുന്നവർക്കെല്ലാം അത് ദൈവകൃപയുടെ മംഗളവാർത്തയായി മാറുകയും ചെയ്യട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് 2015 നവംബർ 2 മുതൽ 4 വരെ തീയതികളിൽ റോമിൽ ‘സാൻലിബോരിയോ’ ഇടവക ദൈവാലയത്തോടനുബന്ധിച്ചുള്ള ഇൻസ്റ്റി റ്റ്യൂട്ടിന്റെ പൊതുകാര്യാലയത്തിൽവച്ചു നടന്നു. 2016 ഓഗസ്റ്റു മാസത്തിൽ നടക്കേണ്ട ജനറൽ അസംബ്ലിയായിരുന്നു ഇപ്രാവശ്യത്തെ കൗൺസിലിന്റെ പ്രധാനചർച്ചാവിഷയം. 2016 ഓഗസ്റ്റ് 21 മുതൽ 27 വരെ തീയതികളിൽ ഇറ്റലിയിൽ ‘സുബ്ബിയാക്കോ’യിൽവച്ച് ജനറൽ അസംബ്ലി നടത്തുവാൻ കൗൺസിൽ തീരുമാനിച്ചു. അതിനു മുമ്പായി അതിനു വേണ്ട ഒരുക്കങ്ങൾ ജനറൽതലത്തിലും നേഷൻതലത്തിലും നടക്കേണ്ടതുണ്ട്. നാഷണൽ മേജർ ഫാദേഴ്സ്, 2011 മുതലുള്ള അഞ്ചുവർഷങ്ങളിലെ നാഷണൽതലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവിതവും പ്രവർത്തനങ്ങളും സംബ ന്ധിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി 2016 ജൂൺ 30-ാം തീയതിക്കു മുമ്പായി ജനറൽ മേജർ ഫാദറിന് അയച്ചുകൊ ടുക്കണം. അതുപോലെതന്നെ നാഷണൽ മേജർ ഫാദേഴ്സ് ജനറൽ അസംബ്ലിയിൽ സംബന്ധിക്കുവാനുള്ള പ്രതി നിധികളെ തിരഞ്ഞെടുക്കുകയും അവരുടെ പേരുകളും അസംബ്ലിയിൽ ചർച്ച ചെയ്യുവാനുള്ള നിർദ്ദേശങ്ങളും ജന റലേറ്റിലേക്ക് അയച്ചുകൊടുക്കുകയും വേണം. ഇന്ത്യയിലുള്ള സൊദാലെസ് അച്ചന്മാർ ബഹു. ജോസഫ് ചാലാശ്ശേ രിയച്ചനും മറ്റു നേഷൻസിലുള്ള അച്ചന്മാർ റോമിലുള്ള ബഹു. ഡോൺ മാരിയോയ്ക്കുമാണ് നിർദ്ദേശങ്ങൾ അയ ച്ചുകൊടുക്കേണ്ടത്. കൗൺസിൽ മീറ്റിംഗിനുശേഷം ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ നവംബർ 7-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




**ജിഷ മുണ്ടയ്ക്കത്തൊഴത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**1-ാം ദിവ്യരഹസ്യം**

*ദൈവപുത്രന്റെ അമ്മയായതുവഴി ദൈവത്തിന്റെ കൂടാരമായിത്തീർന്ന പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം.* ഈ ലോകത്തിൽ ദൈവസാന്നിധ്യത്തിന്റെ അടയാളമായിതീർന്ന് സഭയുടെ വിശ്വാസമാകുന്ന മണിദീപം ഞങ്ങളിൽ ഉജ്ജ്വലിപ്പിക്കുവാനും സഭാഗാത്രത്തെ പടുത്തുയർത്തുവാനും പരി. അമ്മേ, ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**2-ാം ദിവ്യരഹസ്യം**

*അവൻ പറയുന്നതുപോലെ ചെയ്യുക എന്നു പറഞ്ഞുകൊണ്ട് മറ്റുള്ളവരെ മിശിഹായിലേക്ക് ആനയിച്ച പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം.* പരിശുദ്ധ അമ്മേ, ഞങ്ങളും അവിടുത്തെ പുത്രനെക്കുറിച്ചുള്ള അറിവിനാൽ നിറഞ്ഞ് മറ്റുള്ളവരെയും ഈശോയിലേക്ക് അടുപ്പിക്കുവാനും സ്നേഹത്തിന്റെ വഴിയിലൂടെ അവിടുത്തെ അനുഗമിക്കുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ.1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**3-ാം ദിവ്യരഹസ്യം**

*നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെയെന്നു പ്രത്യുത്തരിച്ചുകൊണ്ട് സ്വന്തം ഹിതം പൂർണ്ണമായും ദൈവഹിതത്തിന് വിധേയമാക്കിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.* അമ്മേ മാതാവേ, അമ്മയെപ്പോലെ എളിമയുള്ള ഹൃദയത്തോടെ ദൈവഹിതാനുസരണം ജീവിക്കുവാനും അവിടുത്തെ പുത്രന്റെ അരൂപിയിൽ അനുദിനം വളരുവാനും ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**4-ാം ദിവ്യരഹസ്യം**

*ആത്മീയാന്ധകാരത്തിൽ നിവസിച്ചിരുന്ന ലോകത്തിന് രക്ഷകന്റെ വരവിനെ അറിയിക്കുന്ന ഉഷകാലതാരമായി കടന്നുവന്ന പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം.* അമ്മേ മാതാേ അവിടുത്തെ മക്കൾ പാപികളും ബലഹീനരുമാണ്. എങ്കിലും കുറവുകളെ പരിഗണിക്കാതെ ഞങ്ങൾ നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുവാൻ അമ്മ സുതനോട് ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**5-ാം ദിവ്യരഹസ്യം**

*എല്ലാ കാര്യങ്ങളും തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.* പരിശുദ്ധ അമ്മേ, അമ്മയെപ്പോലെ ഞങ്ങളും ദൈവവചനം കേൾക്കുന്നവും അനുസരിക്കുന്നവരുമാകുവാനും സ്വപുത്രനെപോലെ പരിപൂർണ്ണ സ്നേഹത്തിന്റെ ഉത്തമമാതൃകകളായി തീരുവാനും ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നല്കണമേ

# Spirituality Centre Programme

## December

1 Bible Study Forum
1-2 Cenacle Gathering (Sodales & Aspirants)
6-11 Retreat for Deacons, Kunnoth
12 Social Animators & School of Bible
16-17 Formation Programme for Oblates
18 Superiors Meet
19-23 Week of the Institute for Oblates

RNI: KERMAL/2014/59983 PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly) Registered: KL/KTM/72/2015-17
Published on 24th November 2015
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"താതനിൽ നിന്നു സുതൻ
ജാതൻ നാമറിവൂ
വിശ്വാസം വഴിയായ്
നാരിയിൽ നിന്നവനൊരു ജന്മം
മഹിയിൽ സദയം കൈക്കൊണ്ടു.
നരനിൽ നിന്നല്ലീ ജന്മം
മാലാഖായതു വെളിവാക്കി
കർത്താവിൻ-നാമം വാഴ്ത്തീടാം"

(മംഗളവാർത്തക്കാലം, ഞായർ-റംശ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal